## സബ്മിഷൻ

### പഠന പ്രതിസന്ധി

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, കാസർഗോഡ് ജില്ലയിലും എന്റെ മണ്ഡലത്തിലും അദ്ധ്യാപകരില്ലാത്ത ഒരു അടിയന്തര പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കാസർഗോഡ് ജില്ലയിലെ മഹാഭൂരിപക്ഷംപേരും താൽക്കാലിക അദ്ധ്യാപകരാണ്. ആ അദ്ധ്യാപകരെയെല്ലാം പിരിച്ചുവിടാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള എല്ലാ അദ്ധ്യാപകരേയും പിരിച്ചുവിടാൻ ബന്ധപ്പെട്ട എച്ച്.എം. തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി പല സ്കൂളികളിലും അദ്ധ്യാപകരില്ലാതെ പഠനം മുടങ്ങുകയാണ്. എന്റെ മണ്ഡലത്തിൽ മൂന്ന് ഹൈസ്കൂളുകൾ കർണ്ണാടക സംസ്ഥാനവുമായി ബന്ധപ്പെട്ട് കിടക്കുകയാണ്, നീലമ്പാടി, ബന്തടുക്ക, പാണ്ടി. പാണ്ടിയിലെയും ബന്തടുക്കയിലെയും സ്കൂളുകൾ കഴിഞ്ഞ എസ്. എസ്.എൽ.സി. പരീക്ഷയിൽ 100 ശതമാനം വിജയംവരിച്ചിരുന്നു. ഓരോ സ്കൂളിലും ആകെ രണ്ടും മൂന്നും സ്ഥിരം അദ്ധ്യാപകർ മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. പാണ്ടി സ്കൂളിലാണെങ്കിൽ ഒരാളേയുള്ളൂ. ബാക്കി 27 പേരും താൽക്കാലിക ജീവനക്കാരാണ്. താൽക്കാലിക അദ്ധ്യാപകരെ പിരിച്ചുവിട്ടതിന്റെ ഫലമായി സ്കൂളിലെ പഠിപ്പ് മുടങ്ങുകയാണ്. ഇത് വളരെ ഗൗരവമായി കാണണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് എന്റെ മണ്ഡലത്തിൽ മാത്രമല്ല, കാസർഗോഡ് ജില്ലയിലെ മിക്ക സ്കൂളിന്റെയും, പ്രത്യേകിച്ച് ബോർഡർ ഏരിയയിലെ സ്കൂളുകളിലെ സ്ഥിതിയും ഇതുതന്നെയാണ്. ഈ ഗവൺമെന്റ് അങ്ങനെയൊരു തീരുമാനമെടുത്തതിൽ ഞാൻ എതിർക്കുന്നൊന്നുമില്ല. ബദൽ സംവിധാനമാക്കാതെ

എങ്ങനെ ഇത് തുടരുമെന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ മനസ്സിലാകുമെന്നാണ് എനിക്ക് തോന്നുന്നത്. പി.എസ്.സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ആളുകളെ നിയമിക്കുന്നതിൽ ഞങ്ങൾക്ക് തർക്കമൊന്നുമില്ല. പക്ഷേ നിലവിലുള്ള അദ്ധ്യാപകരെ പിരിച്ചുവിടുമ്പോൾ വേറെ അദ്ധ്യാപകരെ നിയമിക്കാത്തതിനാൽ, ആ ജില്ലയിൽ പ്രത്യേകിച്ച് എന്റെ മണ്ഡലത്തിലെ സ്കൂളുകളിലും മലയോര പ്രദേശത്തെ സ്കൂളുകളിലും അതിർത്തി പ്രദേശത്തുള്ള സ്കൂളുകളിലും പഠിപ്പ് മുടങ്ങുന്ന ഒരു രീതിയാണുള്ളത്. അതുകൊണ്ട് ബന്ധപ്പെട്ട മന്ത്രിയും ഗവൺമെന്റും അടിയന്തരമായി ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 29–11–2013–ലെ ജി.ഒ.(പി) നം.313/13 പൊതുവിദ്യാഭ്യാസ വകുപ്പുപ്രകാരം 2012–13 വർഷത്തെ സ്കൂളുകളിലെ തസ്തിക നിർണ്ണയം 2012 ഏപ്രിൽ, മെയ് മാസങ്ങളിലായി നടത്തിയിരുന്നു. ഇതുവഴി ഏകദേശം നാലായിരത്തോളം അദ്ധ്യാപകരാണ് സർക്കാർ സ്കൂളുകളിൽ അധികമുള്ളതായി കണ്ടെത്തിയിരുന്നത്. ഇത്രയും അദ്ധ്യാപകർ സ്കൂളുകളിൽ അധികമുള്ളതുകൊണ്ട് 2014–15–ലെ തസ്തിക നിർണ്ണയം പൂർത്തിയാകുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അധിക ഒഴിവുകൾ നികത്തേണ്ടതില്ലെന്നും അധിക അദ്ധ്യാപകരെ വർക്കിംഗ് അറേഞ്ചുമെന്റിൽ പുനർവിന്യസിക്കാമെന്നും വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരുന്നു. അദ്ധ്യാപകർ അധികമുള്ള സ്കൂളുകളിൽ നിന്നും അദ്ധ്യാപകർ കുറവുള്ള സ്കൂളുകളിലേയ്ക്കും ആർ.എം.എസ്.എ. പ്രകാരം

ഉയർത്തപ്പെട്ട സ്കൂളുകളിലേയ്ക്കും അദ്ധ്യാപകരുടെ സീനിയോരിറ്റി കർശന മായും പാലിക്കണമെന്ന വ്യവസ്ഥയോടെ താൽക്കാലികമായി വർക്കിംഗ് അറേഞ്ചുമെന്റിൽ പുനർവിന്യാസം നടത്താവുന്നതാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നതാണ്. അദ്ധ്യാപകർ കുറവുള്ള സ്കൂളുകളിൽ പഠനത്തിന് യാതൊരു തടസവു മുണ്ടാകാതിരിക്കാനാണ് അപ്രകാരം പുനർവിന്യാസത്തിന് നിർദ്ദേശം നൽകി യിരുന്നത്. ഇതല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ മുമ്പ് നിയമിച്ചിട്ടുള്ള വരെ പിരിച്ചുവിടാനുള്ള ഉത്തരവുകളൊന്നുംതന്നെ നൽകിയിട്ടില്ല.

## ഗ്ലോബൽ ആയുർവേദിക് വില്ലേജ്

ശ്രീ. വർക്കല കഹാർ: സർ, നമ്മുടെ ആയുർവേദ മേഖലയെ ആഗോള തലത്തിൽ എത്തിച്ചുകൊണ്ട് കേരളത്തെ ആയുർവേദത്തിന്റെ ലോകതല സ്ഥാനമാക്കുകയെന്ന ഉദ്ദേശത്തോടെ സാം പിത്രോഡ വിഭാവന ചെയ്ത സെന്റർ ഓഫ് എക്സലൻസുകളിൽ കേരളത്തിലെ ആദ്യത്തെ ഇനമാണ് ഗ്ലോബൽ ആയുർവേദ വില്ലേജ്. ഈ വില്ലേജിൽ ആയുർവേദത്തിന്റെ നില വാരം ഉയർത്തുന്നതിനായി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ, ഇന്റർ നാഷണൽ അക്കാദമി, ഫിനിഷിംഗ് സ്കൂൾ, ആയുർവേദ വെൽനസ് സോൺ, ടെലി മെഡിസിൻ സൗകര്യങ്ങൾ, ലൈബ്രറി തുടങ്ങിയവ ഉൾപ്പെടുന്നു. തിരുവനന്തപുരം ജില്ലയിൽ രണ്ടുഘട്ടങ്ങളിലായി ഇവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതാണ്. ഈ പ്രോജക്ടിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ 7.48 ഏക്കറിലായി തോന്നയ്ക്കലിൽ ആരംഭിക്കാൻപോകുക യാണ്. ഇതിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി വർക്കല അയിരൂർ

വില്ലേജിൽ ഏകദേശം 63 ഏക്കർ സ്ഥലം വിവിഢ് കോർപ്പറേഷന്റെ സഹായത്തോടെ കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർതലത്തിൽ ആരംഭിക്കുകയും ആയതിന് സ്പെഷ്യൽ തഹസിൽദാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് നിലവിൽവന്ന പശ്ചാത്തലത്തിൽ ഇതിന്റെ തുടർനടപടികൾ അനിശ്ചിതത്വത്തി ലായിരിക്കുകയാണ്. ഇതിനായി ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മൂന്നുകോടി രൂപ അനുവദിച്ചിട്ടുമുണ്ട്. മൊത്തം 180 കോടി രൂപ അടങ്കൽ വരുന്ന ഈ പ്രോജക്ട് പി.പി.പി. മാതൃകയിലാണ് നടപ്പിലാക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. ആയതിന് നിക്ഷേപകരെ കണ്ടെത്തിക്കൊണ്ടിരിക്കുക യുമാണ്. ലാന്റ് അക്വിസിഷൻ ആക്ട് എത്രയും പെട്ടെന്ന് നടപ്പിലാക്കി ഈ പ്രോജക്ടിന്റെ തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണം. അതിന് സർക്കാർ ചില നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പി.പി.പി. മാതൃകയിലുള്ള ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനായി കൂടുതൽ സർക്കാർ വിഹിതം അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രൈവറ്റ് പബ്ലിക് പാർട്ടിസിപ്പേഷനോടുകൂടി ആധുനിക ആയുർവേദ പാർക്ക് എന്ന ആശയത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അതിന് വലിയ പ്രയോരിറ്റി കൊടുത്ത് മുന്നോട്ടുകൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. തോന്നയ്ക്കലിൽ ഉണ്ടായിരുന്ന

സ്ഥലത്ത് ഇപ്പോൾ പ്രവർത്തനം ആരംഭിച്ചു. ആരോഗ്യ വകുപ്പുമന്ത്രിയുമായി സംസാരിച്ച് അതിന്റെ ബാക്കി കാര്യങ്ങൾ ഉടനെ മുന്നോട്ട് കൊണ്ടുപോകണ മെന്ന് നിർദ്ദേശിക്കുന്നുണ്ട്. സാം പിത്രോഡ വിഭാവനം ചെയ്തുവെന്ന് പറ യുന്ന ആ വിപുലമായ പ്രോജക്ട് വരുന്നത് വർക്കലയിലാണ്. അഡ്മിനി സ്ട്രേറ്റീവ് സാങ്ഷനൊക്കെ കൊടുത്ത് കഴിഞ്ഞു. ലാന്റ് അക്വിസിഷൻ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. അതിനിടയിലാണ് ലാന്റ് അക്വിസിഷന്റെ ചില കൺഫ്യൂഷൻ വന്നിരിക്കുന്നത്. റവന്യൂ വകുപ്പുമന്ത്രിയു മായി ആലോചിച്ച്...... എല്ലാ സ്ഥലത്തും ലാന്റ് അക്വിഷനെല്ലാം സ്തംഭിച്ചിരി ക്കുകയാണ്. ലാന്റ് അക്വിസിഷനിൽ വന്നിരിക്കുന്ന കൺഫ്യൂഷൻ മാറ്റി പുതിയ ലാന്റ് അക്വിസിഷൻ ഉടനെ തുടങ്ങും. ആ പ്രോജക്ട് പ്രയോരിറ്റി യിൽതന്നെ ഗവൺമെന്റ് മുന്നോട്ട് കൊണ്ടുപോകും.

## <u>റബ്ബർ സംഭരണത്തിന് പണം നൽകൽ</u>

ചീഫ് വിപ്പ് (<u>ശ്രീ. പി. സി. ജോർജ്</u>): സർ, കേരളത്തിലെ പതിനൊന്നര ലക്ഷത്തോളംവരുന്ന റബ്ബർ കർഷകരിൽ 80 ശതമാനവും ഒരേക്കറിൽത്താഴെ ഭൂമിയുള്ള വരാണ്. അവരുടെ റബ്ബറിന് വിലയില്ലാതെ, കഴിഞ്ഞ വർഷം 240 രൂപ വിലയുണ്ടായിരുന്ന റബ്ബറിന് ഇന്ന് 139.50 രൂപയാണ് വില. ഇത് കോട്ട യത്തെ പത്രവിലയാണ്. അങ്ങനെ റബ്ബറിന്റെ വില ഇതുപോലെ ഇടിയുകയാ ണ്. ഞാൻ കഴിഞ്ഞ 11–ാം തീയതി നിയമസഭയിൽ ഈ കാര്യം ബഹുമാന പ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം വളരെ വ്യക്ത മായി ഇതിന് നടപടിയുണ്ടാകുമെന്ന് പറഞ്ഞതാണ്. അതുമാത്രമല്ല, കഴിഞ്ഞ 30–ാം തീയതി ധനകാര്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും

ഉൾപ്പെടെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു വിശദമായ കോൺഫറൻസും നടത്തുകയുണ്ടായി. ഞാൻ അന്ന് സബ്മിഷൻ ഉന്നയിക്കുമ്പോൾ റബ്ബറിന് 144 രൂപ വിലയുണ്ട്. ഇന്ന് അത് താഴ്ന്നിരിക്കുകയാണ്. ഇത് സമ്മതിച്ച് കൊടുക്കാൻ പറ്റുന്ന ഒരു കാര്യമല്ല. ഞാൻ പറയുമ്പോൾ മറ്റൊന്നും വിചാരിക്കരുത്. നമ്മുടെ ക്യൂബൻ വിമോചന നേതാവ് ചെഗ്വേര ഒരിക്കൽ ഇങ്ങനെ പറഞ്ഞു, "You are inside the belly of the beast, you can kick harder. You could kick harder or not. That will be your choice." കേരളത്തിലെ റബ്ബർ കർഷകനെ ഉദ്ദേശിച്ചായിരിക്കും അന്ന് അദ്ദേഹം ഇത് പറഞ്ഞതെന്ന് ഞാൻ ഇപ്പോൾ ചിന്തിക്കുകയാണ്. കാരണം, കേരളത്തിലെ റബ്ബർ കർഷകൻ സ്വതന്ത്ര വ്യാപാര കരാറെന്ന വന്യമൃഗത്തിന്റെ വയറ്റിൽ അകപ്പെട്ടിരിക്കുകയാണ്. ആ വയർ പിളർന്ന് പുറത്തുവരുവാൻ കഠിനമായി ഇടിക്കണം. അതികഠിനമായി ഇടിക്കുക മാത്രമാണ് റബ്ബർ കർഷകർക്ക് ചെയ്യാനുള്ളത്. ആ ഇടിയുടെ ഭാഗമാണ് ഇപ്പോൾ സഭയിൽ ഞാനും നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ ഒരു സംശയവും വേണ്ട. 11-ാം തീയതി ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മുഖ്യമന്ത്രി പറഞ്ഞ മറുപടി ഞാൻ വായിച്ച് കേൾപ്പിക്കാം- റബ്ബർ കർഷകരെ സഹായിക്കുന്നതിനുവേണ്ടി റബ്ബർ സംഭരിക്കുന്നതിന് തീരുമാനമെടുത്തു. 25-02-2014-ൽ സർക്കാർ അതുസംബന്ധിച്ച് ഒരു ഗവൺമെന്റ് ഓർഡർ ഇറക്കി. റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ്, റബ്ബർ ബോർഡിന് കീഴിലുള്ള റബ്ബർ പ്രൊഡ്യൂസിംഗ് കമ്പനികൾ എന്നീ മൂന്ന് ഏജൻസികളെ റബ്ബർ സംഭരിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തുകയുണ്ടായി. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ ശരാശരി വിലയെടുത്ത് 171 രൂപയെത്തുന്നതുവരെ റബ്ബർ സംഭരിക്കാനാണ് തീരുമാനമെടുത്തത്..... ബാക്കി സമയക്കുറവുകൊണ്ട്

ഞാൻ വായിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആ നല്ല മനസ്സിനെ ഞാൻ ആദരിക്കുന്നു. പക്ഷേ അതിന്റെ അടിസ്ഥാനത്തിൽ 30-ാം തീയതി തന്നെ അദ്ദേഹം മാർക്കറ്റ് ഫെഡ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാരെയും ജനപ്രതിനിധികളെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയേയും കൃഷി വകുപ്പുമന്ത്രിയേയും വിളിച്ച് കോൺഫറൻസ് കൂടി. റബ്ബർ സംഭരിക്കുമ്പോൾ ഞങ്ങൾക്ക് എന്ത് കിട്ടുമെന്നുള്ളതാണ് അവിടെ വന്ന സംഘടനകൾ ചർച്ച ചെയ്യുന്നത്. ഞാൻ ആ കമ്മിറ്റിയിൽ അത് പറഞ്ഞു. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ആവശ്യം, കൈകാര്യ ചെലവ്- 4 രൂപ, റബ്ബർ സംഭരിക്കാൻ-2 രൂപ, കൃഷിക്കാരന് 2 രൂപ കൂട്ടിയെടുക്കുക, 4 രൂപ അവർക്ക് തട്ടിയെടുക്കുക.... ഇതല്ലാതെ അവർക്ക് ഉദ്ദേശമില്ല. റബ്ബർ സംഭരണം ഉടൻ തുടങ്ങാൻ മാണി സാറും കൃഷി വകുപ്പുമന്ത്രിയുംചേർന്ന് തീരുമാനമെടുത്തു. ഇന്നുവരെ റബ്ബർ സംഭരണം തുടങ്ങിയില്ലായെന്ന് മാത്രമല്ല, ഇന്ന് റബ്ബർ വില താഴോട്ട് പോയിരിക്കുന്നു. ഇതുവരെ ഒരു ആശ്വാസ നടപടിയും കാണുന്നില്ല. ഇങ്ങനെ പോകാൻ കഴിയുമോ?

കേരളത്തിലെ പതിനൊന്നര ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരിൽ 80%-വും ഒരേക്കറിൽ താഴെമാത്രം കൃഷിചെയ്യുന്ന പാവപ്പെട്ടവരാണ്. ഇവിടെ മറ്റുള്ള മേഖലയിൽ, ധാന്യസംഭരണത്തിന് 320 കോടിരൂപ മുടക്കിയതിൽ സന്തോഷമുണ്ട്. ഗവൺമെന്റിന്റെ നല്ല പ്രവൃത്തിയിൽ അഭിമാനമുണ്ട്. പക്ഷേ 11 ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരുടെ കാര്യം കേൾക്കാൻ ആരുമില്ലേ? മാണി സാർ ആണ് സഹായിക്കേണ്ടത്. അങ്ങയുടെ ദയാദാക്ഷിണ്യം ഈ കാര്യത്തിലുണ്ടാവണം. സർക്കാരിന്റെ ഖജനാവിൽ

നിന്നും പണം എടുക്കേണ്ട പ്രത്യേക കാര്യമില്ല, ഖജനാവിലെ പണമാണ്. റബ്ബറിന്റെ പർച്ചേസ് ടാക്സിൽനിന്നും ലഭിക്കുന്ന തുകയിൽ ഒരു നിശ്ചിത തുക മാറ്റിവച്ചാൽ തീരാവുന്ന പ്രശ്നമേയുള്ളൂ. അതുകൊണ്ട് മാണി സാറി നോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് റബ്ബർ സംഭരണം നാളെത്തന്നെ തുട ങ്ങണമെന്നും ഒരു കിലോ റബ്ബറിന് 5 രൂപയെങ്കിലും കൂട്ടിയെടുക്കാനുള്ള ഉചിതമായ നടപടിയുണ്ടാകണമെന്നുമാണ്. ഇപ്പോൾ 140 രൂപയാണെങ്കിൽ 145 രൂപയ്ക്ക് ഈ സംഭരണ ഏജൻസികൾ റബ്ബർ എടുക്കണം. എങ്കിലേ റബ്ബറിന് 171 രൂപ വരെയെങ്കിലും എത്തിക്കാൻ കഴിയൂ. ഗവൺമെന്റ് പ്രഖ്യാപനമാ ണല്ലോ എന്തുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ ഒരു ഉചിതമായ നടപടി സ്വീകരിക്കുന്നില്ലായെന്ന് കൃഷിക്കാർ ചോദിച്ചാൽ മറുപടി പറയാൻ പറ്റാത്ത സാഹചര്യമാണ്. അതുകൊണ്ട് ഞാൻ ചുരുക്കുന്നു. വളരെ നിർബന്ധമായി റബ്ബർ സംഭരണത്തിന് ആവശ്യമായ തുക നീക്കിവയ്ക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കരുണ കാണിക്കണം എന്ന് ബഹുമാനപുരസ്സരം അ ഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, റബ്ബർ കർഷകർക്ക് ഉൽപ്പാദനച്ചെലവിന് അനുസരിച്ചുള്ള വില കിട്ടുന്നില്ലായെന്നുള്ളതാണ് പ്രശ്നം. ശ്രീ. കോടിയേരി ബാലകൃ ഷ്ണൻ, 1967-ൽ ഞാൻ എം.എൽ.എ. ആയി വന്നപ്പോൾ, എന്റെ രണ്ടാമത്തെ പ്രസംഗത്തിൽ റബ്ബറിന് താരിഫ് കമ്മീഷൻ വില നിശ്ചയിച്ചത് പോരാ, വില കൂട്ടി നിശ്ചയിക്കണമെന്ന് പറഞ്ഞിരുന്നു. 1967 മുതൽ ഇന്നുവരെയുള്ള ചരിത്രം എന്നുപറയുന്നത് റബ്ബർ കർഷകർക്ക് ഉൽപ്പാദനച്ചെലവിനനുസരി

ച്ചുള്ള വില കിട്ടുന്നില്ലായെന്നുള്ളതാണ്. ബഹുമാനപ്പെട്ട പി. സി. ജോർജിന്റെ പ്രമേയത്തിൽ പറയുന്ന അന്തഃസത്തയോട് ഞാൻ യോജിക്കുകയാണ്. റബ്ബറിന്റെ വില കുത്തനെ താഴ്ന്നുനിൽക്കുന്ന സാഹചര്യത്തിൽ റബ്ബർ സംഭരണം നടത്തി പരമാവധി കർഷകരെ സഹായിക്കാനാണ് സർക്കാർ റബ്ബർ സംഭരണം ആരംഭിച്ചത്. ടി സാഹചര്യത്തിലാണ് മാർക്കറ്റ് ഫെഡ്, റബ്ബർ മാർക്ക്, റബ്ബർ ബോർഡിന്റെ കീഴിലുള്ള റബ്ബർ ഉൽപ്പാദക സംഘങ്ങൾ എന്നിവയെ സംഭരണ ഏജൻസികളായി നിയമിക്കുകയുണ്ടായത്. ആദ്യഘട്ടമായി പതിനായിരം ടൺ സംഭരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 31-03-2014 വരെ ആകെ 2.075 കോടിരൂപ വിലവരുന്ന 138 മെട്രിക് ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. സംഭരിച്ച റബ്ബറിന് കിലോയ്ക്ക് രണ്ടുരൂപാ ക്രമത്തിൽ സംഭരണ ഏജൻസികളായ റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് എന്നിവയ്ക്ക് മൊത്തം 8,33,786 രൂപ കൈകാര്യ ചെലവ് അനുവദിച്ചുനൽകിയിട്ടുമുണ്ട്. സർക്കാരിന്റെ ഇപ്പോഴത്തെ ഉത്തരവനുസരിച്ച് 4 കോടിരൂപ 2013-2014 സാമ്പത്തിക വർഷത്തെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽനിന്നും അധിക അനുമതി നൽകി അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. പണത്തിന്റെ ഒരു പ്രശ്നവുമില്ല. 10 കോടിരൂപ ഇതിനുവേണ്ടി നീക്കി വയ്ക്കുന്നു. പണത്തിന്റെ കുറവല്ല. പക്ഷേ സംഭരണത്തിന്റെ കുറവാണ്. സംഭരണം നമുക്ക് ശക്തമായി കൊണ്ടുവരണം. അതിന് സംഭരണ ഏജൻസികൾ കുറച്ചുകൂടി ജാഗ്രത ഈ വിഷയത്തിൽ കാണിക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. രൂപ പ്രശ്നമേ അല്ല.

ശ്രീ. പി. സി ജോർജ് : സർ, പതിനൊന്ന് ലക്ഷത്തോളം വരുന്ന റബ്ബർ കർഷകർക്കുവേണ്ടി അഞ്ചുരൂപയെങ്കിലും കൂട്ടി സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. എം. മാണി : സർ, അത് കൂട്ടിയെടുത്തോട്ടെ. ഗവൺമെന്റ് അതിന് ആവശ്യമായ തുക മാറ്റിവയ്ക്കുന്നു. രണ്ടുരൂപ എന്നുപറയുന്നത് വളരെ കുറവാണ്. കൃഷി വകുപ്പുമന്ത്രി, കുറച്ച് കൂടി റിയലിസ്റ്റിക്കായിട്ടുള്ള, ഒരു ഉയർന്ന വില പ്രഖ്യാപിച്ചുകൊണ്ട് നമുക്ക് സംഭരണം കൂടുതൽ ശാസ്ത്രീയമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ആവശ്യമായ തുക അതിനുവേണ്ടി ലഭ്യമാക്കുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ധനകാര്യ വകുപ്പുമന്ത്രിയാണ് ഇതു സംബന്ധിച്ച് തീരുമാനം പറയേണ്ടത്. മുഖ്യമന്ത്രിയുമായി ആലോചിച്ച് ഒരു കോൺഫറൻസ് വിളിച്ച് അതിന്റെ തുടർനടപടിയിലേക്ക് കടക്കാം.

## നഫീറിന്റെ കൊലപാതകം

ശ്രീ കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനം ഇന്ന് സ്വർണ്ണ കള്ളക്കടത്തുകാരുടെ ഒരു കേന്ദ്രമായി മാറിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ഒരു മാഫിയാസംഘം കടന്നുവരികയാണ്. ഈ അടുത്ത ദിവസം മലയാളികളായ രണ്ടുപേരെ സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് ഇവരുടെ ക്വട്ടേഷൻ സംഘം മംഗലാപുരത്ത് വച്ച് കൊലപ്പെടുത്തി. ഒരാൾ കോഴിക്കോട്ടുകാരനും ഒരാൾ തലശ്ശേരിക്കാരനുമാണ്. മംഗലാപുരത്ത് വച്ച് കൊലപ്പെടുത്തിയശേഷം അവരെ കേരളത്തിൽ കൊണ്ടുവന്നാണ് കുഴിച്ചിട്ടത്. കാസർഗോഡ് ജില്ലയിൽപ്പെട്ട ഒരു സ്ഥലത്ത് കൊണ്ടുവന്ന് രണ്ട് പേരെയും

കുഴിച്ചിട്ടു. കുഴിച്ചിടാനുള്ള പത്ത് സെന്റ് സ്ഥലം അവർ വിലയ്ക്ക് വാങ്ങി. കർണ്ണാടകത്തിൽവച്ച് ആളെ കൊല്ലുക, എന്നിട്ട് കേരളത്തിൽ കൊണ്ടുവന്ന് കുഴിച്ചിടുക, അതിനുവേണ്ടി 10 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങുക – എന്താണ് നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്? കൊലചെയ്യപ്പെട്ട രണ്ട് പേരും സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ടവരാണ്. മാഫിയാ സംഘത്തിന്റെ വിപുലീകരണം എത്ര വലുതാണെന്ന് വ്യക്തമാക്കുന്നതാണ് ഈ സംഭവം. ഇതിൽ ഉൾപ്പെട്ട ഫയാസ് എന്നുപറയുന്നയാൾ ഇപ്പോൾ ജയിലിലാണ്. ജയിലിനകത്ത് വച്ചുതന്നെ ഈ മാഫിയാ സംഘത്തിന്റെ പ്രവർത്തനം ആസൂത്രണം ചെയ്യുന്നുവെന്നുള്ള തരത്തിലാണ് ചില വാർത്തകൾ പുറത്തു വരുന്നത്. ഇങ്ങനെ ഗൗരവതരമായ തരത്തിൽ ഈ മാഫിയാ സംഘം സ്വർണ്ണക്കടത്തുമായി കേരളത്തിൽ വളർന്നുവരികയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇന്റലിജൻസ് വിംഗ് ഏറ്റവുംകൂടുതൽ സ്വർണ്ണം ഈ സമീപ കാലത്ത് പിടിച്ചിട്ടുണ്ട്. എന്നിട്ടും ഇത് നിർബാധം തുടരുന്നു. ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന വലിയ ഒരു റാക്കറ്റ് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ അധോലോകസംഘമായി ഇത് വളർന്ന് വരികയാണ്. ഇവരെ നിയന്ത്രി ക്കാനുള്ള അടിയന്തരമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, കേരള രജിസ്ട്രേഷനുള്ള ഒരു വെളുത്ത ഡസ്റ്റർ കാറിൽ കുറച്ചു യുവാക്കൾ മംഗലാപുരം അത്തവാർ എന്ന സ്ഥലത്ത് സംശയകരമായി കറങ്ങുന്നതായി കർണ്ണാടക മംഗലാപുരം സിറ്റി ക്രൈം ബ്രാഞ്ച് ഇൻസ്പെ ക്ടർ വാലന്റീൻ ഡിസൂസയ്ക്ക് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അതു

സംബന്ധിച്ച് അന്വേഷണം നടത്തിവരവെ 6–7–2014–ന് വൈകിട്ട് 6.55–ഓടു കൂടി മംഗലാപുരം ഉള്ളാടിന് സമീപംവച്ച് പ്രസ്തുത കാർ കാണുകയും തട ഞ്ഞുനിർത്തി പരിശോധിച്ചപ്പോൾ കാറിൽ മൂന്ന് യുവാക്കളുടെ ചോര പുരണ്ട തുണികളും മറ്റും കാണപ്പെടുകയും ചെയ്തു. ചോദ്യം ചെയ്തതിൽ കാറിലു ണ്ടായിരുന്നത് ചെർക്കളം സ്വദേശി മുഹമ്മദ് സനാഫ് (25), അണങ്കൂർ സ്വ ദേശി ഇർഷാദ് (24), സഫാൻ (24) എന്നിവരാണെന്നും മൂവരും മംഗലാപുരം അത്തവാർ കെ.എം.സി. ആശുപത്രിക്കുസമീപം തലശ്ശേരി സ്വദേശിയായ നഫീർ(25), കോഴിക്കോട് കുറ്റിച്ചിറ സ്വദേശിയായ ഫാഹിം(25) എന്നിവരോ ടൊപ്പം വാടകയ്ക്ക് താമസിച്ചിരുന്നുവെന്നും അവിടെവച്ച് പണം സംബന്ധ മായ തർക്കത്തെ തുടർന്ന് നഫീറിനെയും ഫാഹിമിനെയും 1–7–2014–ൽ കുത്തിക്കൊലപ്പെടുത്തി മൃതദേഹം ഒരിടത്ത് കുഴിച്ചിട്ടതായും പറഞ്ഞു. അപ്പോൾത്തന്നെ മൂന്നുപേരെയും വാഹനംസഹിതം പോലീസ് കസ്റ്റഡിയിൽ എടുത്തു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഇരുവരുടെയും മൃതദേഹം കാസർഗോഡ് ബേഡകം പോലീസ് സ്റ്റേഷൻ പരിധിയിലെ മരുതടക്കം എന്ന സ്ഥലത്ത് മുഹമ്മദ് സനാഫിന്റെ വകസ്ഥലത്ത് കുഴിച്ചിട്ടതായി അറിഞ്ഞു. മേൽ തെളിവുകളുടെ അടിസ്ഥാനത്തിൽ മൂന്നുപേരെയും പ്രതികളാക്കി കർണ്ണാടക പാണ്ടേശ്വരം പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 120ബി, 302, 201, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 156/14 ആയി കേസ് രജിസ്റ്റർ ചെയ്തു. 7–7–2014–ൽ രാവിലെ പത്തുമണിയോടെ മംഗലാപുരത്തുനിന്നും പാണ്ടേശ്വരം എ.എസ്.പി.–യുടെ നേതൃത്വത്തിൽ പോലീസ് സംഘം മൂന്നു പ്രതികളുമായി ബേടകം പോലീസ് സ്റ്റേഷൻ പരിധിയിലെ മരുതടക്കം ശങ്ക രൻകാട് എന്ന സ്ഥലത്തെത്തി. ഒന്നാം പ്രതിയായ മുഹമ്മദ് സനാഫിന്റെ

വക പത്തുസെന്റ് സ്ഥലത്ത് മൃതദേഹങ്ങൾ കുഴിച്ചിട്ടതായും കാഞ്ഞങ്ങാട് ആർ.ഡി.ഒ.- യുടെ സാന്നിദ്ധ്യത്തിൽ പുറത്തെടുത്ത് ഇൻക്വസ്റ്റ് നടത്തിയ ശേഷം അവിടെ വച്ചുതന്നെ മംഗലാപുരം ഫോറൻസ്റ്റിക്ക് സർജൻ മഹാബല ഷെട്ടിയുടെ നേതൃത്വത്തിൽ അഞ്ചു ഡോക്ടർമാരടങ്ങുന്ന സംഘം പോസ്റ്റു മാർട്ടം നടത്തി മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. കൊല്ലപ്പെട്ട നഫീർ സ്വർണ്ണക്കള്ളക്കടത്തിന്റെ ക്യാരീയറായിരുന്നു എന്നും നഫീർ ക്യാരീ യറായി കൊണ്ടുവന്ന സ്വർണ്ണം ഉടമയ്ക്കു കെടുക്കാതെ മേൽപ്പറഞ്ഞ പ്രതിക ളുടെ സഹായത്തോടെ വില്പന നടത്തി ആർഭാടജീവിതം നയിച്ചുവരുമ്പോ ഴാണ് സ്വർണ്ണത്തിന്റെ ഉടമകൾ നഫീറിനെ അന്വേഷിച്ച് നടക്കുന്നതായി അറി ഞ്ഞ് പ്രതികൾക്ക് അതുമായി ബന്ധമുണ്ടെന്ന് അറിയാതിരിക്കാനും സ്വർണ്ണം വിറ്റുകിട്ടിയ തുക അപഹരിക്കുന്നതിനുംവേണ്ടിയാണ് കൊലപാതകങ്ങൾ നട ത്തിയിട്ടുള്ളതെന്നാണ് അറിവ് കിട്ടിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചത് ശരിയാണ്. കേരളത്തിലേക്ക് അനധികൃതമായി സ്വർണ്ണക്കള്ളക്കടത്ത് നടത്തുന്ന സംഭവങ്ങൾ ഇന്ന് വർദ്ധി ച്ചുവരുന്നുണ്ട്. കേരളത്തിന്റെ വിമാനത്താവളങ്ങളിൽ ശരിയായ പരിശോ ധനകൾ നടത്തി പിടിക്കുന്നുമുണ്ട്. ഇത് സംസ്ഥാന പോലീസിന്റെ നിയന്ത്ര ണത്തിലുള്ള കാര്യമല്ല. ഇതിന്റെ പൂർണ്ണമായ നിയന്ത്രണം കസ്റ്റംസ് ആന്റ് ഇന്റലിജന്റ്സ് വിഭാഗത്തിനാണ്. ഐ.ബി.യും കസ്റ്റംസും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ കാണിക്കുന്നുണ്ട്. വിമാനത്താവളങ്ങളിലെ പരിശോധന കൂടുതൽ ശക്തമാക്കുവാനും കസ്റ്റംസ് ആന്റ് ഇന്റലിജൻസ് വിഭാഗങ്ങളുടെ പരിശോധന കൂടുതൽ ഊർജ്ജിതമാക്കാനും വേണ്ടിയിട്ടുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അവരോട് ആവശ്യപ്പെടുന്നുണ്ട്. ഇത്തരം കള്ളക്കടത്ത് സ്വർണ്ണം കണ്ടെത്തുവാനുള്ള ഊർജ്ജിതമായ ശ്രമം

അവരുടെ ഭാഗത്തുനിന്ന് നടക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട പല കേസുകളും എൻ.ഐ.എ.-യ്ക്ക് ഇതിനകം വിട്ടുകൊടുത്തിട്ടുണ്ട്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ജയിലിൽ അങ്ങനെയുള്ള ഗൂഢാലോചന നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതായാലും അദ്ദേഹം പറഞ്ഞ സാഹചര്യത്തിൽ അത് ഗൗരവമായി അന്വേഷിക്കുന്നതാണ്. ഇത്തരം സ്വർണ്ണക്കള്ളക്കടത്തുക്കാരെ ശക്തമായി നിയന്ത്രിക്കാനുള്ള നടപടികൾ കേന്ദ്ര ഇന്റലിജൻസ് ആന്റ് കസ്റ്റംസ് വിഭാഗവുമായി ആലോചിച്ച് സംസ്ഥാന ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട കസ്റ്റംസ് ഇന്റലിജൻസ് വിഭാഗവുമായി ഞാൻ എ.ഡി.ജി.പി. നോർത്തിനോടും സൗത്തിനോടും കമ്പയിൻഡായിട്ടുള്ള രണ്ട് മീറ്റിംഗുകൾ എറണാകുളത്തും തിരുവനന്തപുരത്തും കോഴിക്കോടും എ.ഡി.ജി.പി. മാരുടെ നേതൃത്വത്തിലുള്ള കോൺഫെറൻസുകൾ കൂടാൻ ആവശ്യപ്പെട്ടിരുന്നു. അവരുടെ കോൺഫെറൻസുകൾകൂടി ഇതിനുവേണ്ടി ലോക്കൽ പോലീസിന്റെ സഹായംകൂടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഈ സ്വർണ്ണം ആര് കൊണ്ടുവരുന്നു; എവിടേക്ക് പോകുന്നു; ഇതിന്റെ ഉപയോഗമെന്താണ്; ഇങ്ങനെയുള്ളത് ഗൗരവമായ കാര്യങ്ങൾതന്നെയാണ്. ഗവൺമെന്റ് അതീവ ഗൗരവത്തോടെ ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ്.

## അടിസ്ഥാന സൗകര്യമൊരുക്കൽ

ശ്രീ. ആർ സെൽവരാജ് : സർ, ചരിത്രപ്രസിദ്ധമായ നവരാത്രി പൂജയ്ക്കായി തമിഴ്നാട്ടിൽ നിന്നും കുമാരകോവിൽ, പത്മനാഭപുരം, ശുചീന്ദ്രം

എന്നീ കേന്ദ്രങ്ങളിൽനിന്നും വരുന്ന വിഗ്രഹങ്ങൾ കേരള അതിർത്തിയായ കളിയിക്കാവിളയിൽ എത്തിച്ചേരുന്നു. അവിടെവച്ച് ജനപ്രതിനിധികളുടെയും പോലീസ്, റവന്യൂ, ഫയർ എന്നീ വകുപ്പുകളുടെയും നാട്ടുകാരുടെയും സാന്നിധ്യത്തിൽ ഗംഭീരമായ സ്വീകരണം നൽകി നെയ്യാറ്റിൻകരയിലേക്ക് ആനയിക്കുന്നു. നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ഈ നവരാത്രി വിഗ്രഹങ്ങളുടെ ഘോഷയാത്ര രാത്രിയിൽ വിശ്രമിക്കുകയും അടുത്തദിവസം തിരുവനന്തപുരത്തേയ്ക്ക് യാത്ര തിരിക്കുകയുമാണ് ചെയ്യുന്നത്. രാത്രിയിൽ നവരാത്രി വിഗ്രഹങ്ങൾ സൂക്ഷിക്കുന്നതിനോ അതുപോലെ അകമ്പടി സേവിച്ചുവരുന്ന കേരളത്തിലെയും തമിഴ്നാട്ടിലെയും പോലീസുകാർ അതുപോലെ മറ്റ് രാജ പ്രതിനിധികൾ, മറ്റ് വിവിധ സംഘടനകളുടെ പ്രതിനിധികൾ എന്നിവർക്ക് സൗകര്യപ്രദമായി വിശ്രമിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോ അടിസ്ഥാനസൗകര്യങ്ങളോ ഒന്നുംതന്നെ ഇന്നില്ല. അതുകൊണ്ട് ഈ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തോടനുബന്ധിച്ച് നവരാത്രി വിഗ്രഹങ്ങൾ സൂക്ഷിക്കുന്നതിനും അതുപോലെ അകമ്പടി സേവിക്കുന്നവർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ നടപടികൾ അത്യന്താപേക്ഷിതമായി ഒരുക്കേണ്ടതാണ്. അതുപോലെ രാത്രിയിലും രാവിലെയും അവർക്കാവശ്യമായ ഭക്ഷണം നൽകുന്നതിന് ദേവസ്വം ബോർഡിൽനിന്നും ലഭിക്കുന്നത് തുച്ഛമായ തുകയാണ്. അത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, നവരാത്രി പൂജയ്ക്കായി നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ എത്തിച്ചേരുന്ന നവരാത്രി വിഗ്രഹങ്ങൾ

വഹിച്ചുകൊണ്ടുവരുന്നവർക്ക് വിശ്രമിക്കുന്നതിനാവശ്യമായ മണ്ഡപവും അടിസ്ഥാനസൗകര്യവും ഒരുക്കുന്നത് സംബന്ധിച്ച് പ്രസ്തുത ക്ഷേത്രത്തിലെ ഊട്ടുപുരയ്ക്കുമുന്നിലായി തുറസ്സായി കിടക്കുന്ന സ്ഥലത്ത് ഒരു ഓഡിറ്റോ റിയം ദേവസ്വം ബോർഡിന്റെ ചെലവിൽ നിർമ്മിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്. കൂടാതെ നവരാത്രി ഘോഷയാത്രയെ അനുഗമിക്കുന്ന വർക്ക് ക്ഷേത്രത്തിൽ തങ്ങുന്നതിനായി ഊട്ടുപുരയുടെയും ലൈബ്രറി ഹാളിന്റെയും ശ്രീകൃഷ്ണ ഓഡിറ്റോറിയത്തിന്റെയും മെയിന്റനൻസ് ജോലി കൾ പൂർത്തീകരിച്ചിട്ടുണ്ട്. നവരാത്രി പൂജയുമായി ബന്ധപ്പെട്ട് ആവശ്യമായി ട്ടുള്ള എല്ലാ ക്രമീകരണങ്ങളും നെയ്യാറ്റിൻകര ക്ഷേത്രത്തിൽ ഏർപ്പെടുത്തണ മെന്ന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നതാണ്. അതോടൊപ്പം എത്രയോ വർഷമായി നടന്നുവരുന്ന നവരാത്രി വിഗ്രഹ ഘോഷയാ ത്രയുമായി ബന്ധപ്പെട്ട് കഴിഞ്ഞവർഷം സർക്കാർ തലത്തിൽ ഞാൻതന്നെ ബന്ധപ്പെട്ട വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെയും മറ്റ് സംഘടനകളു ടെയും യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. ഈ പ്രാവശ്യവും അത്തരത്തിലുള്ള യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>തുക ലഭ്യമാക്കൽ</u>

<u>ശ്രീ. ഇ. കെ വിജയൻ</u> : സർ, കേരളത്തിലെ ഏറ്റവും നല്ല നാളികേരം ഉല്പാദിപ്പിക്കുന്നത് കുറ്റ്യാടി തേങ്ങ ശേഖരിക്കുന്ന മേഖലകളിൽ നിന്നാണ്. ഇവിടെ കാവിലുംപാറ, കായക്കുടി, മരുതുംകര തുടങ്ങിയ മേഖലകളിൽ നിന്ന് ശേഖരിച്ച കഴിഞ്ഞവർഷത്തെ രണ്ടാംഘട്ട വിത്തുതേങ്ങയുടെ വില മുന്നൂറോളം കൃഷിക്കാർക്കായി 60 ലക്ഷംരൂപ കുടിശ്ശികയാണ്. അത്

എത്രയുംവേഗം നൽകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതോടൊപ്പം കഴിഞ്ഞദിവസമുണ്ടായ ചുഴലിക്കാറ്റിൽ ആ മണ്ഡലത്തിന്റെ വിവിധ മേഖലകളിലുള്ള വീടുകൾക്കും കൃഷിക്കും വിദ്യാലയങ്ങൾക്കും വലിയ തോതിൽ നാശം സംഭവിച്ചിരിക്കുകയാണ്. നാദാപുരം, തൂണേരി, കായക്കുടി, മരുതുംകര പഞ്ചായത്തുകളിലാണ് കൃഷിനാശം സംഭവിച്ചിട്ടുള്ളത്. ഇരുപതിലേറെ വീടുകൾ ഭാഗികമായി തകർന്നതാണെങ്കിലും വീട് പുനർനിർമ്മിക്കേണ്ട സാഹചര്യത്തിലേക്ക് എത്തിയിട്ടുണ്ട്. അതോടൊപ്പം കായക്കുടി പഞ്ചായത്തിലെ ഒരു വിദ്യാലയത്തിന്റെ മേൽക്കൂര പൂർണ്ണമായും കാറ്റിൽ പാറിപ്പോകുകയും ചെയ്തിട്ടുണ്ട്. വലിയ തോതിലുള്ള കൃഷിനാശമാണ് സംഭവിച്ചിട്ടുള്ളത്. തെങ്ങ്, കവുങ്ങ്, വാഴ, പ്ലാവ്, മറ്റുതരം മരങ്ങളൊക്കെ തന്നെ കടപുഴുകി വീണിരിക്കുകയാണ്. കൃഷിക്കാരുടെ ഏക ആശ്രയകേന്ദ്രമെന്ന നിലയ്ക്ക്, ആശ്വാസകേന്ദ്രമെന്ന നിലയ്ക്ക് അവർ കാണുന്ന ഈ കാർഷിക മേഖലയുടെ തകർച്ചയെ വലിയ പ്രയാസത്തോടുകൂടിയാണ് കാണുന്നത്. വീടുകൾക്കും കൃഷിക്കും സ്കൂളുകൾക്കുമുള്ള സാമ്പത്തിക സഹായംകൂടി നൽകണമെന്ന് ഈ സബ്മിഷന്റെ ഭാഗമായി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് ഗവൺമെന്റിന്റെ സത്വരമായ ശ്രദ്ധയിലുണ്ടായി വളരെവേഗം അവർക്കുള്ള നഷ്ടപരിഹാരം നൽകണമെന്നും കഴിഞ്ഞവർഷത്തെ വിത്തുതേങ്ങ ശേഖരണത്തിൽ രണ്ടാംഘട്ട കുടിശ്ശിക വരുത്തിയ തുക വളരെവേഗം ആ കൃഷിക്കാർക്ക് നൽകണം. തേങ്ങയ്ക്ക് നല്ല വിലലഭിക്കുന്ന സമയമാണ് ഇപ്പോൾ. കഴിഞ്ഞ വർഷത്തെ തേങ്ങയുടെ വിലയാണ് അവർക്ക് ലഭിക്കാനുള്ളത്. മക്കളെ നോക്കുന്നതുപോലെ ഈ വിത്തിനെ കണ്ടുകൊണ്ടാണ് ആ മേഖലയിലെ കൃഷിക്കാർ കേരളത്തിൽ വിത്തുതേങ്ങ എത്തിക്കാനുള്ള സന്നദ്ധത പ്രകടിപ്പിക്കുന്നത്.

തീർച്ചയായും ആ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കേണ്ട ബാധ്യത കൃഷി വകുപ്പിനുണ്ട്. അതുകൊണ്ട് ആ തുക വളരെവേഗം നൽകണമെന്നുകൂടി ഈ സബ്മിഷനിൽകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഇ. കെ വിജയൻ ഇവിടെ സൂചിപ്പിച്ചത് കുറ്റ്യാടി-നാദാപുരം മേഖലയിലെ WCT തെങ്ങുകളും അതിന്റെ വിത്തുതേങ്ങയും സംഭരിക്കുക എന്നത് അവിടത്തെ ഒരു മാനുഷികമായ ആചാരത്തിന്റെ ഭാഗമായിട്ടുള്ളതാണ്. അത്രമാത്രം നാളികേരത്തെ സ്നേഹിക്കുന്നവരാണ് മനുഷ്യരാണ് അവിടെ കാണുന്നത്. കോഴിക്കോട് ജില്ലയിലെ വടകര വിത്തുതേങ്ങ സംഭരണ യൂണിറ്റിന്റെ നേതൃത്വത്തിൽ 2014 സംഭരണ സീസണിൽ വിത്തുതേങ്ങ സംഭരിക്കുന്നതിന് അനുമതി നൽകുകയും അപ്രകാരം രണ്ടുപദ്ധതികൾക്കായി 2014, മാർച്ച് 31 -ാം തീയതിവരെ കർഷകരിൽനിന്നും ശേഖരിച്ച 2,57,466 എണ്ണം WCT വിത്തുതേങ്ങയുടെ വില കർഷകർക്ക് 2013-14 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയിൽനിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 1-4-2014-നു ശേഷം 97,710 എണ്ണം WCT വിത്തുതേങ്ങകൾകൂടി സംഭരിച്ചതായും ആയതിന്റെ വിലയും മറ്റു സംഭരണച്ചെലവുകൾ എന്നിവയ്ക്കായി 39,52,128 രൂപ ആവശ്യമുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി തുക അനുവദിക്കുന്നതിനുള്ള നടപടികൾ കൃഷി ഡയറക്ടർ സ്വീകരിച്ചുവരുന്നു.

ഈ രണ്ടു തുകകളും ഉടനെതന്നെ വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2014 ഏപ്രിൽ–മേയ് മാസത്തിലെ വേനൽമഴമൂലം കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളായ ചെയ്ക്കാട്, ഇടച്ചേരി, കാവിലുംപാറ, കായക്കൊടി, മരുതുംകര, നാദാപുരം, നരുപ്പറ്റ, തൂണേരി, വലയം, വാണിമേൽ എന്നീ പഞ്ചായത്തകുളിൽ 28,00,08,830 രൂപയുടെ കൃഷിനാശം കണക്കാക്കുകയും ആയതിൽ 12,88,085 രൂപയുടെ നഷ്ടപരിഹാരം 277 കർഷകർക്ക് നൽകേണ്ടതുണ്ടെന്ന് കണക്കാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇതിൽ വീട്, അതുപോലെ സ്കൂളുകൾക്ക് ഉണ്ടായ ദുരന്തത്തിൽ റവന്യൂ വകുപ്പിൽനിന്നും അതോടൊപ്പം മറ്റ് കാർഷിക ഉപയോഗങ്ങൾക്കുള്ളത് കൃഷി വകുപ്പിൽനിന്നും റവന്യൂ വകുപ്പ് മുഖാന്തിരവും നഷ്ടപരിഹാരം നൽകുന്നതാണ്. കൂടാതെ 13–7–2014–ന് നാദാപുരം പഞ്ചായത്തിലെതന്നെ ഇളയങ്കോട് ദേശത്ത് വാർഡ് ഒന്നിലെ നൂറിൽപരം കർഷകർക്ക് വിളനാശം ഉണ്ടായിട്ടുണ്ട്. പത്തോളം വീടുകൾക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. മൂന്നുലക്ഷംരൂപയുടെ കാർഷിക നഷ്ടമുണ്ടായതായി കണക്കാക്കുന്നു. നഷ്ടപരിഹാരം നൽകുന്നതിനുള്ള കർഷകരിൽനിന്നുള്ള അപേക്ഷ പരിശോധിച്ചുവരുന്നു.

<u>തെങ്ങ് കൃഷിനാശം</u>

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, തളിപ്പറമ്പ് പ്രദേശത്ത് കൂവോട് കൃഷിഭവന് കീഴിലുള്ള ഏതാണ്ട് ഇരുന്നൂറിലധികം കൃഷിക്കാരുടെ അയ്യായിരത്തിലധികം തെങ്ങുകൾ തെങ്ങോലപ്പുഴു ബാധിച്ച് നശിച്ചുകൊണ്ടിരിക്കുകയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നല്ലരീതിയിൽ നാളികേരം ലഭിക്കുന്നതും അതോടൊപ്പം തെങ്ങുചെത്ത് ധാരാളമായി നടക്കുന്ന ഒരു പ്രദേശത്താണ് തെങ്ങോലപ്പുഴുവിന്റെ ആക്രമണംമൂലം വ്യാപകമായി തെങ്ങ് നശിച്ചുകൊണ്ടിരിക്കുന്നത്. കൃഷി വകുപ്പ് മിത്രകീടങ്ങളെ ഉപയോഗപ്പെടുത്തി ഇത് നിയന്ത്രണവിധേയമാക്കുന്നതിന് ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ ആ ശ്രമം ഫലപ്രദമല്ല. ഇന്ന് ഈ പ്രദേശത്തുനിന്നും വ്യാപകമായി മറ്റ് പ്രദേശത്തേക്കുകൂടി ഇത് വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. പട്ടുവം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലും തെങ്ങോലപ്പുഴുവിന്റെ ആക്രമണം രൂക്ഷമാവുകയാണ്. അടിയന്തര നടപടി സ്വീകരിച്ച് ഇത് നിയന്ത്രണവിധേയമാക്കുന്നില്ലെങ്കിൽ തെങ്ങുകൃഷി വലിയ നാശത്തെ നേരിടുമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഈ ഘട്ടത്തിൽ ഇത് നിയന്ത്രണ വിധേയമാക്കാൻ കൃഷ ിവകുപ്പിനും ഗവൺമെന്റിനും സാധിക്കുന്നതാണ്. ഇത് കണക്കിലെടുത്ത് അടിയന്തര നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാൻ തയ്യാറാകണം. കണ്ണൂർ ജില്ലയിൽത്തന്നെ തെങ്ങുകൾക്ക് കൂമ്പുചീയൽ രോഗംവന്ന അവസരത്തിൽ ഒരു തെങ്ങിന് 60 രൂപ എന്ന നിരക്കിൽ രോഗപ്രതിരോധത്തിനും രോഗപ്രതിവിധിക്കുമുള്ള ധനസഹായം നൽകിയിരുന്നു. ആ തരത്തിൽ, ചുരുങ്ങിയത് അത്രയും തുകയെങ്കിലും ഈ പാവപ്പെട്ട കൃഷിക്കാർക്ക് കൊടുക്കുന്നതിന് കൃഷി വകുപ്പ് തയ്യാറാകണം. ഈ സഭ കഴിഞ്ഞാൽ ബഹുമാന്യനായ വകുപ്പുമന്ത്രി അവിടെ സന്ദർശനം നടത്തണമെന്ന അഭിപ്രായവും എനിക്കുണ്ട്. അടിയന്തര നടപടി സ്വീകരിച്ച് ഇതിനൊരു പരിഹാരമുണ്ടാക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, തളിപ്പറമ്പ് കൂവോട് മേഖലയിലെ രണ്ടായിരം തെങ്ങുകൾക്ക് തെങ്ങോലപ്പുഴു രോഗം ബാധിച്ചത് ഈ അടുത്തകാലത്ത് രൂക്ഷമായി കണ്ടിരുന്നു. ഇതിനെ നിയന്ത്രിക്കുന്നതിനായി എതിർപ്രാണികളെ പരപ്പനങ്ങാടി, നീലേശ്വരം എന്നീ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിൽനിന്നും കാസർഗോഡ് സി.പി.സി.ആർ.ഐ.-യിൽനിന്നും ശേഖരിച്ച് തെങ്ങോലകളിൽ വിട്ടുകൊടുത്തു. തുടർന്ന് കീടബാധ ഒരു പരിധിവരെ നിയന്ത്രണവിധേയമായിട്ടുണ്ടായിരുന്നു. എന്നാൽ മഴ കുറവായതിനാലും കീടബാധമൂലം നശിച്ച പുറംഓലകൾ മുറിച്ചുമാറ്റുന്നതിന് വർദ്ധിച്ച കൂലിച്ചെലവുമൂലം കൃഷിക്കാർ വിമുഖത കാണിച്ചതിനാലും കീടത്തിന്റെ ആക്രമണം വേണ്ടത്ര നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ മഴ ആരംഭിച്ചതിനാൽ കീടബാധ പ്രകൃതിദത്തമായി കുറയുന്നതായാണ് കാണുന്നത്. തെങ്ങോലപ്പുഴുവിന്റെ ആക്രമണം വേനൽക്കാലത്താണ് രൂക്ഷമായി കാണപ്പെടുന്നത്. കീടബാധയുടെ ലക്ഷണം പുറംഓലകളിൽ കാണപ്പെടുമ്പോൾത്തന്നെ പ്രസ്തുത ഓലകൾ വെട്ടിമാറ്റി തീയിട്ട് നശിപ്പിക്കേണ്ടത് കീടനിയന്ത്രണത്തിന് ആവശ്യമാണ്. തുടർന്ന് എതിർപ്രാണികളെ വിട്ടാൽ തെങ്ങോലപ്പുഴുവിനെ ഫലപ്രദമായി നിയന്ത്രിക്കാൻ സാധിക്കും. എന്നിട്ടും കീടനിയന്ത്രണം സാധ്യമായില്ലെങ്കിൽ മാത്രമേ രാസകീടനാശിനികൾ ഉപയോഗിക്കേണ്ടതുള്ളൂ. അടുത്തവർഷവും കീടബാധ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ 2015 ഏപ്രിൽ-മേയ് മാസങ്ങളിൽ എതിർപ്രാണികളെ ലഭ്യമാക്കുന്നതിനുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിലും ഗവേഷണ കേന്ദ്രങ്ങളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നഷ്ടമുണ്ടായ

തെങ്ങുകളുടെ കർഷകരിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് അവർക്ക് വേണ്ട നഷ്ടപരിഹാരം കഴിഞ്ഞ പ്രാവശ്യം കൊടുത്തതുപോലെതന്നെ ഇപ്രാവശ്യവും പല മേഖലകളിലും കൊടുത്തിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സബ്സ്റ്റേഷൻ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, കേരളത്തിലെ വൈദ്യുതി ഉൽപ്പാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന ജില്ലയാണ് ഇടുക്കി. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇടുക്കി ജില്ലയിലെ എല്ലാ സ്ഥലങ്ങളും നന്നായി അറിയാം. മറയൂർ, കാന്തല്ലൂർ, വട്ടവട എന്നീ പ്രദേശങ്ങളിലേയ്ക്ക് ഇപ്പോൾ വൈദ്യുതി ചെല്ലുന്നത് പ്രൈവറ്റ് സ്ഥാപനത്തിന്റെ സ്റ്റേഷനുകളിൽകൂടിയാണ്. ലോകകപ്പ് നടന്ന ഈ സന്ദർഭത്തിലും പത്രത്തിലൂടെ മാത്രമാണ് അർജന്റീന ഉൾപ്പെടെയുള്ളവർ തോറ്റതും ജയിച്ചതുമൊക്കെ അറിയാൻ സാധിച്ചത്. അവസാനം അർജന്റീന തോറ്റപ്പോഴും പത്രത്തിലൂടെ വായിക്കാനാണ് അവസരം ലഭിച്ചത്. തോട്ടം തൊഴിലാളികളും ചെറുകിട കർഷകരും ആദിവാസികളും തിങ്ങിപ്പാർക്കുന്ന മേഖലയാണിതെന്നും അങ്ങേയ്ക്ക് അറിയാം. അങ്ങയുടെ ശ്രദ്ധ ഈ മേഖലയിൽ എത്തണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു. ഇവിടെ ഒരു സബ്സ്റ്റേഷൻ അനുവദിക്കണമെന്നും വളരെ വിനീതമായി അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. മറയൂർ, കാന്തല്ലൂർ, വട്ടവട തുടങ്ങിയ സ്ഥലങ്ങളിൽ വോൾട്ടേജ് വളരെ കുറവാണ്.

അദ്ദേഹം പറഞ്ഞത് ശരിയാണ്. നമ്മുടെ ഇലക്ട്രിസിറ്റിയിലെ ഭീമമായ കോൺട്രിബ്യൂഷൻ നടത്തുന്നത് ഈ ജില്ലയാണ്. ഏതായാലും അവിടെ കെ. ഡി. എച്ച്. പി. –യുടെ (കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്) ഒരു 11 കെ.വി. ഫീഡറിൽക്കൂടിയാണ് ഈ പറഞ്ഞ മൂന്നുസ്ഥലത്തും കണക്ഷൻ അപ്ലൈ ചെയ്യുന്നത്. മൂന്നാറിൽ ഒരു 66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിച്ച് പള്ളിവാസൽ ജനറേറ്റർ സ്റ്റേഷനിൽനിന്ന് 66 കെ. വി. ലൈൻ വലിച്ച് അവിടെ ഒരു സബ്സ്റ്റേഷനുണ്ടാക്കാനുള്ള ശ്രമത്തിലാണ്. അത് നടന്നുകഴിഞ്ഞാലുടനെ ഒരു 11 കെ.വി. ഫീഡർ സ്ഥാപിച്ച് അവിടേയ്ക്ക് വൈദ്യുതി സപ്ലൈ ചെയ്യാൻ സാധിക്കും. അതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് വന്നാൽ മാത്രമെ ഇവിടെ പറഞ്ഞ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അത് പരമാവധി വേഗതയിലാക്കാൻ ശ്രമിക്കാം.

<u>ആർട്സ് ആന്റ് സയൻസ് കോളേജിന് അംഗീകാരം</u>

<u>ശ്രീ. പി. റ്റി. എ. റഹീം</u>: സർ, സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 22 കോളേജുകളിൽ ഒന്ന് കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ലഭിച്ചിട്ടുണ്ട്. അതിനാവശ്യമായി സർക്കാർ ഉന്നയിച്ച കണ്ടീഷനുകളൊക്കെ പാലിക്കുകയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അത് ക്ലിയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രവൃത്തിയൊക്കെ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്തേക്ക് ഫയൽ അയച്ചിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയും ഈ ഫയൽ കണ്ടിട്ടുണ്ട്. പക്ഷെ സർക്കാർ ഉത്തരവ് ലഭിക്കാത്തതുകൊണ്ട് ഈവർഷം ക്ലാസ് തുടങ്ങാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. എനിക്ക് പറയാനുള്ളത് ബഡ്ജറ്റിൽ പ്രഖ്യാ

പിച്ച ഒരു കാര്യത്തിന് വീണ്ടും ഒരു ഭരണാനുമതി എന്നത് സാങ്കേതികം മാത്രമാണ്. അതുകൊണ്ട് എത്രയുംവേഗം, ഈ വർഷംതന്നെ ക്ലാസ് തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ സബ്മിഷൻ അങ്ങയോട് മാത്രമേ ഉന്നയിക്കാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടാണ് വിദ്യാഭ്യാസ മന്ത്രിയോട് ഇതുന്നയിക്കുന്നത്. അങ്ങയുടെ ഭാഗം ക്ലിയർ ചെയ്തുകഴിഞ്ഞ കാര്യമാണ്. ഏതായാലും ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു കാര്യം എന്നുള്ള നിലയ്ക്ക് ഈ വർഷംതന്നെ ക്ലാസ് തുടങ്ങാനാവശ്യമായ സ്പെഷ്യൽ ഓഫീസറെ നിശ്ചയിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2013-2014– ലെ ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ സർക്കാർ എയ്ഡഡ് കോളേജുകളില്ലാത്തതും സ്ഥലം ലഭ്യമായതുമായ എല്ലാ നിയോജക മണ്ഡലങ്ങളിലും ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ 22 നിയോജകമണ്ഡലങ്ങളിലാണ് സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ആർട്സ് ആന്റ് സയൻസ് കോളേജുകൾ നിലവിലില്ലാതിരുന്നത്. കുന്ദമംഗലം നിയോജകമണ്ഡലം പ്രസ്തുത പട്ടികയിൽപ്പെട്ട ഒന്നാണ്. ഇതേത്തുടർന്ന് കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കോളേജിനാവശ്യമായ സ്ഥലം കണ്ടെത്താനും കെട്ടിടനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം അസറ്റ് ക്രിയേഷൻ ഫണ്ടിൽനിന്നും അനുവദിക്കാനും കെട്ടിടനിർമ്മാണം പൂർത്തിയാകുന്നതുവരെ ക്ലാസുകൾ താൽക്കാലികമായി നടത്തുവാൻ അനുയോജ്യമായ കെട്ടിടം കണ്ടെത്തി സർക്കാരിനെ അറിയിക്കാനും ബഹുമാനപ്പെട്ട കുന്ദമംഗലം എം.എൽ.എ.–യോട് ആവശ്യപ്പെടു

കയും അതിനുള്ള സന്നദ്ധത ബഹുമാനപ്പെട്ട എം.എൽ.എ. അറിയിക്കുകയും ചെയ്തിരുന്നു. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആവശ്യമായ ശുപാർശ സർക്കാരിൽ സമർപ്പിച്ചതിനെത്തുടർന്ന് നിർദ്ദിഷ്ട കോളേജിനായി ശുപാർശ ചെയ്യപ്പെട്ട ചാത്തമംഗലം പഞ്ചായത്തിലെ പുല്ലാംകോട് വില്ലേജിലെ അഞ്ചേക്കർ സ്ഥലം കോഴിക്കോട്ടെ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിക്കുകയും തദടിസ്ഥാനത്തിൽ സാമ്പത്തിക ബാദ്ധ്യത, വർക്ക് ലോഡ് അസസ്സ്മെന്റ് സ്റ്റേറ്റ്മെന്റ് എന്നിവയടങ്ങിയ റിപ്പോർട്ട കോളേജ് വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. B.com with Finance, B.A Development Economics with fundamentals of Foreign trade and Basic Economics methods, B.Sc Geography with Statistics and Cartography, B.Sc. Psychology with psychological Statistics and Human Psychology, B.A English with Journalism and Public Relation എന്നീ അഞ്ച് കോഴ്സുകളോടുകൂടി കോളേജ് ആരംഭിക്കുന്നതിന് 1,97,58,732 (ഒരു കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി അമ്പത്തിയെട്ടായിരത്തി എഴുന്നൂറ്റി മുപ്പത്തി രണ്ട്) രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ ഇക്കാര്യത്തിലുള്ള തുടർനടപടി ത്വരിതപ്പെടുത്തുന്നതാണ്.

## അധ്യാപക തസ്തികകൾ

ശ്രീ. വി. റ്റി. ബൽറാം: സർ, നമ്മുടെ വിദ്യാഭ്യാസ രംഗത്ത് അധ്യാപക പരിശീലനത്തിന് വളരെ പ്രാധാന്യമുണ്ട്. ആ പ്രാധാന്യം കണക്കിലെടുത്തു കൊണ്ടുതന്നെയാണ് 1986-ലെ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ജില്ലാ അധ്യാപക പരിശീലന കേന്ദ്രങ്ങൾ (DIET) ആരംഭിക്കാൻ

തീരുമാനിച്ചത്. കേരളത്തിൽ നല്ല രീതിയിൽ DIET (District Institute of Education and Training)-കൾ പ്രവർത്തിച്ചുവരികയാണ്. പക്ഷേ ഇന്ന് കേരളത്തിലെ 14 DIET-കളിലെ 13 ഫാക്കൽറ്റികളിലായി ഏതാണ്ട് എൺപ തോളം അധ്യാപകരുടെ ഒഴിവുകൾ നികത്തപ്പെടാതെ കിടക്കുകയാണ്. ഈ ഒഴിവുകളിൽ പകുതി പി.എസ്.സി.വഴി നേരിട്ട് റിക്രൂട്ട്മെന്റ് നടത്തേണ്ടതും ബാക്കി പകുതിയിലേയ്ക്ക് യോഗ്യരായിട്ടുള്ള നിലവിൽ സർവ്വീസിലുള്ള അധ്യാപകരിൽനിന്ന് ഇന്റർവ്യൂ നടത്തിയാണ് ആ അധ്യാപക നിയമനങ്ങൾ പൂർത്തീകരിക്കേണ്ടത്. കുറെ DIET ലക്ചറർമാർ എസ്.എസ്.എ.-യി ലേക്കും ആർ.എം.എസ്.എ. (രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ) -യി ലുമൊക്കെ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. ഇങ്ങനെയുള്ള ഒരുപാട് ഒഴിവു കൾ കിടക്കുന്നതുകാരണം DIET-കളുടെ പ്രവർത്തനം താളംതെറ്റിയ അവസ്ഥയിലാണ്. അധ്യാപക പരിശീലനവുമായി ബന്ധപ്പെട്ട് മാത്രമല്ല, കരിക്കുലവുമായി ബന്ധപ്പെട്ട മറ്റൊരുപാട് പ്രവർത്തനങ്ങളും DIET വഴി നടപ്പാക്കേണ്ടതുണ്ട്. ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലങ്ങളിൽ നടപ്പാ ക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലും DIET അധ്യാപകരുടെ സേവനം ആവശ്യമായി വരികയാണ്. അതുകൊണ്ട് ഈ അധ്യാപകരുടെ നിലവിലുള്ള ഒഴിവുകൾ എത്രയുംപെട്ടെന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെ ന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഗവൺമെന്റ് ഇക്കാര്യത്തിൽ 18-12-2012-ൽത്തന്നെ ഒരു നിർദ്ദേശം നൽകിക്കഴിഞ്ഞു. അതിന് 73137/ഡി3/12 എന്ന ഫയൽ നമ്പർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് നൽകി യിട്ടുണ്ട്. 2203/ഡി3/13 എന്ന ഫയൽ നമ്പരിൽ ഡി.പി.ഐ.-യുടെ ഓഫീ

സിലും ഇത് സ്വീകരിച്ചിട്ടുണ്ട്. ഒന്നരവർഷമായിട്ടും ഈ ഫയലിന്മേൽ ഒരു തീരുമാനം എടുത്തിട്ടില്ല. അതുകൊണ്ട് എനിക്ക് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് കേരളത്തിലെ 14 DIET-കളിൽ ഒഴിവുള്ള അധ്യാപക തസ്തികകളിലേയ്ക്ക് സർവ്വീസിലുള്ള അധ്യാപകരിൽനിന്ന് എത്രയുംപെട്ടെന്ന് അവരുടെ പരിശോധന നടത്തി, ഇന്റർവ്യൂ നടത്തി അധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ ഡി.പി.ഐ.-യുടെ ഭാഗതതുനിന്നുള്ള ഡിലേ എത്രയും വേഗം ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, കേരളത്തിലെ 14 DIET-കളിൽ വിവിധ വിഷയങ്ങളിലായി 63 ലക്ച്ചറർ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ട്. DIET സ്പെഷ്യൽ റൂൾ പ്രകാരം നിലവിലുള്ള ഒഴിവുകളുടെ പകുതി പി.എസ്.സി. മുഖേന നേരിട്ടും ബാക്കി പകുതി ഒഴിവുകൾ യോഗ്യരായ പ്രൈമറി-ഹൈസ്കൂൾ-ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരിൽ നിന്നും ബൈ ട്രാൻസ്ഫർ മുഖേനയുമാണ് നിയമിക്കേണ്ടത്. DIET സ്പെഷ്യൽ റൂളിൽ DIET ലക്ച്ചറർമാരുടെ 23 വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ DIET-കളിൽ 13 വിഷയങ്ങൾക്കുള്ള തസ്തികകൾ മാത്രമാണ് നിലവിലുള്ളത്. സ്പെഷ്യൽ റൂളിൽ അനുശാസിക്കുന്ന മറ്റുവിഷയങ്ങളിലും നിയമനം നടത്തണമെന്ന അപേക്ഷ പരിഗണിച്ച് ഓരോ വിഷയത്തിനും ഓരോ ജില്ലയിലേയും ആവശ്യകത പരിശോധിച്ച്, ഓരോ ജില്ലയിലും

നിലവിലുള്ള ഒഴിവുകൾ വേർതിരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ താമസംവിനാ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>തൂക്കുപാലം</u>

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിലെ ചാലിയാർ പുഴയ്ക്ക്, കുണ്ടുതോട്-കൊളപ്പാട് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന സ്ഥലത്ത്, ഒരു തൂക്കുപാലം നിർമ്മിക്കണമെന്നാണ് ഈ സബ്മിഷനിലെ എന്റെ ആവശ്യം. കുണ്ടുതോട്-കുളപ്പാട് ഭാഗങ്ങളിൽ, ഒരു യു.പി. സ്കൂളുമായി ബന്ധപ്പെടാൻ 8 കിലോമീറ്ററോളം ചുറ്റി പോകേണ്ട അവസ്ഥയാണുള്ളത്. അവിടെയുള്ള ആളുകൾക്ക് തൊട്ടടുത്ത അങ്ങാടി എന്ന് പറയുന്നത് കുളപ്പാട്- കുണ്ടുതോട് പ്രദേശമാണ്. അതുകൊണ്ട് ആളുകൾ ഇക്കാര്യത്തിൽ വളരെയധികം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ട്. ഒരു തൂക്കുപാലം അവിടെ നിർമ്മിച്ചുകൊടുത്താൽ, 300-400 മീറ്റർ ദൂരം കൊണ്ട് ആളുകൾക്ക് കുണ്ടുതോട് ടൗണിൽ എത്താൻ സാധിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ചാലിയാർ പുഴക്ക് കുറുകെയായി കുളപ്പാട്-കുണ്ടുതോട് കടവിൽ ഒരു തൂക്കുപാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന്റെ എസ്റ്റിമേറ്റിന് ഒരു കോടി രൂപ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് നീക്കിവയ്ക്കാൻ തയ്യാറാണ്. അക്കാര്യത്തിൽ ഒരു നടപടിയുണ്ടാകണ

മെന്നുമാണ് എനിക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സംസ്ഥാനത്തെ കടവുകളിൽ അടിയ്ക്കടി ഉണ്ടായ ബോട്ട് അപകടങ്ങളെത്തുടർന്ന് ഒരു താൽക്കാലിക നടപടിയെന്ന നിലയിലാണ് 2010-ൽ തൂക്കുപാലം നിർമ്മിക്കാൻ ആലോചിച്ചത്. സംസ്ഥാനമൊട്ടാകെ 554 കടവുകളിൽ തൂക്കുപാലം ആവശ്യമാണെന്ന് കണ്ടെത്തി. എന്നാൽ അതിനാവശ്യമായ ഭാരിച്ച ചെലവ് കണക്കിലെടുത്ത് അത്യാവശ്യമുള്ള 45 പാലങ്ങൾ നിർമ്മിക്കാൻ തീരുമാനിക്കുകയുണ്ടായി. സംസ്ഥാനത്ത് ദുരന്തപ്രതികരണ നിധിയിൽ നിന്നും തുക ചെലവഴിക്കാൻ വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ, പുതിയ തൂക്കുപാലത്തിന്റെ നിർമ്മാണം സംസ്ഥാന ദുരന്ത പ്രതികരണനിധി ഉപയോഗപ്പെടുത്തി നിർമ്മിക്കുന്നതിന് നിർവ്വാഹമില്ല എന്നാണ് ഡിപ്പാർട്ടുമെന്റിൽ നിന്നും അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ, അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടിയോളം രൂപ ഈ ചെലവഴിക്കാൻ തയ്യാറാണെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ആർ.എം.എഫ്.-ൽനിന്നും ബാക്കി വരുന്ന തുക വിനിയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇതുപോലെ നിരവധി മേഖലകളിൽ ഇത്തരത്തിലുള്ള ആവശ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ച ഈ സബ്മിഷനിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**നിയമങ്ങൾക്ക് രൂപം നൽകൽ**

ശ്രീ. ലൂഡി ലൂയിസ്: സർ, നമ്മുടെ സംസ്ഥാനത്തെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സമഗ്രമായ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടി മത്സ്യപ്രജനനകാലമായ ജൂൺ 15 മുതൽ ജൂലൈ 31 വരെ വർഷകാല ട്രോളിംഗ് നിരോധനം സർക്കാർ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും 1991-നുശേഷം ട്രോളിംഗ് നിരോധനം കൊണ്ട് പ്രതീക്ഷിക്കുന്ന ഫലം ലഭിക്കുന്നില്ല എന്ന് സർക്കാർ നിയമിച്ച എക്സ്പേർട്ട് കമ്മിറ്റി തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ട്രോളിംഗ് നിരോധന കാലയളവിൽ, പരമ്പരാഗത രീതിയിൽ മത്സ്യബന്ധനം നടത്തുന്നതിൽ തടസ്സമില്ല എന്ന സാഹചര്യം മുതലെടുത്ത് ആധുനിക സൗകര്യങ്ങളുടെ സഹായത്തോടുകൂടി മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് ഇടവരുത്തിയിരിക്കുന്നു. 35 എം.എം. വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് കടലിലെ ചെറുമത്സ്യങ്ങൾ വൻതോതിൽ നശിക്കുന്നതിന് കാരണമായി തീരുകയാണ്. ആയതിനാൽ മത്സ്യക്കുഞ്ഞുങ്ങളുടെ നാശത്തിനുകാരണമാകുന്ന, മത്സ്യബന്ധനരീതികൾ നിരോധിക്കേണ്ടത് ഈ കാലഘട്ടത്തിന് ആവശ്യമാണെന്ന് മനസ്സിലാക്കികൊണ്ട് കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് പ്രകാരമുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്. അതുപോലെതന്നെ നമുക്ക് മാത്രം സ്വന്തമെന്ന് അവകാശപ്പെടുന്ന നമ്മുടെ പല മത്സ്യസമ്പത്തുകളും ഇന്ന് അന്യമായിക്കൊണ്ടിരിക്കുക

യാണ്. പുതിയ തലമുറയ്ക്ക് പല മത്സ്യങ്ങളെ കുറിച്ചുള്ള കേട്ടുകേൾവി മാത്രമാണുള്ളത്. അത് കാണുവാനുള്ള ഭാഗ്യം അവർക്ക് ലഭിച്ചിട്ടില്ല. അതു കൊണ്ട് മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതോടൊപ്പം മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ശക്തമായ നടപടികളും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കേരളത്തിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യ വിത്തുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2014-ലെ കേരള ഫിഷ് സീഡ് ഓർഡിനൻസ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മത്സ്യപ്രജനന സമയത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി വരികയാണ്. ട്രോളിംഗ് നിരോധനത്തിന്റെ ദിവസങ്ങൾ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു വിദഗ്ദ്ധ കമ്മിറ്റിയുടെ ശുപാർശ ലഭിച്ചിട്ടുണ്ട്. രണ്ടുഘട്ടങ്ങളായി ട്രോളിംഗ് നിരോധനം നടപ്പിലാക്കണമെന്നാണ് ആ ശുപാർശയിലെ ഏറ്റവും കാതലായ ഭാഗം. അത് സംഘടനകളുമായി ചർച്ച ചെയ്ത് സമന്വയത്തിൽ എത്തിയതിനുശേഷം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. 35 എം.എം.-ൽ കുറഞ്ഞ കണ്ണി വലിപ്പമുള്ള വലകൾ ഉപയോഗിക്കുമ്പോഴാണ് ചെറു മത്സ്യങ്ങൾ വലയിൽ കയറുന്നത്. ഇത് വള്ളത്തിനും മത്സ്യത്തീറ്റയ്ക്കു മായിട്ടാണ് വിൽപ്പന നടത്തുന്നത്. നിലവിൽ മത്സ്യങ്ങളെ പിടിക്കുന്നതിന് വലയുടെ മിനിമം സൈസ് 35 എം.എം. ആയി നിജപ്പെടുത്തി വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുണ്ട്. നിയമലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി 5000 രൂപ മുതൽ 50,000 രൂപവരെയുള്ള പെനാൽറ്റി ചുമത്തുകയും ചെയ്യുന്നുണ്ട്. കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൃത്രിമപാരുകൾ, ഫിഷ് സാങ്ച്വറികൾ എന്നിവ കടലിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സീ റാഞ്ചിംഗ്, മത്സ്യ സമൃദ്ധി എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. ചെറുമത്സ്യങ്ങളെ പിടിക്കുന്ന തും കടത്തുന്നതും ക്രയവിക്രയം നടത്തുന്നതും തടയുന്നതിനുവേണ്ടി ഒരു നിശ്ചിത വലുപ്പത്തിൽ കുറഞ്ഞ മത്സ്യങ്ങളെ പിടിക്കുന്നതും കടത്തുന്നതും ക്രയവിക്രയം ചെയ്യുന്നതും നിരോധിക്കുന്നതിനും അപ്രകാരം ചെയ്യുന്നതിൽ പിഴ ചുമത്തുന്നതിനും കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിന്റെ നാലാം വകുപ്പ് അനുസരിച്ച് വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതാണ്. ഇതിനായി മത്സ്യത്തിന്റെ മിനിമം സൈസ് നിശ്ചയിക്കുന്നതിന് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധരുമായി കൂടിയാലോ ചനകൾ നടത്തിയിട്ടുണ്ട്. എത്രയും വേഗം മിനിമം സൈസ് ഫിക്സ് ചെയ്ത് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതാണ്. ഇതുവഴി ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും ചെറുമത്സ്യങ്ങളെ പിടിക്കുന്ന സമ്പ്രദായം ഇല്ലാതാക്കു ന്നതിനും കേരളത്തിന്റെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കുടിവെള്ള പദ്ധതി

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, നെന്മാറ അസംബ്ലി നിയോജക മണ്ഡലത്തിലെ മുതലമട ഗ്രാമപഞ്ചായത്തിൽ പറമ്പിക്കുളം, പെരുവാരിപ്പ

ള്ളം, കോളക്കടവ്, മീങ്കര, ചുള്ളിയാർ എന്നീ അഞ്ച് ഡാമുകളുണ്ട്. കേരള സംസ്ഥാനത്തിലെ ഏറ്റവും കൂടുതൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്താണിത്. ആദിവാസികളും പാവപ്പെട്ട ആളുക ളുമൊക്കെ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് ഈ പഞ്ചായത്ത്. കടുത്ത വരൾച്ചാകാലത്ത് ഇവിടെ ലോറികളിലാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. അഞ്ച് ഡാമുണ്ടായിട്ട് നാട്ടിലും കേരള സംസ്ഥാനത്തിനു പുറത്ത് തമിഴ്നാടുൾപ്പെടെ ജലസേചനത്തിനും കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി ഈ ഡാമുകളിലെ വെള്ളം ഉപയോഗിക്കുമ്പോൾ, ഈ ഡാമുകൾ നിലനിൽക്കുന്ന പഞ്ചായത്തിലെ ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നില്ല. ഇപ്പോൾ കടുത്ത വരൾച്ചയായിരുന്നപ്പോൾ, ഈ അടുത്ത ദിവ സങ്ങളിൽ മഴ പെയ്തതിന്റെ ചെറിയ ആശ്വാസമുണ്ടെങ്കിലും രൂക്ഷമായ കുടി വെള്ളക്ഷാമം അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ ചുള്ളിയാർ ഡാം സ്രോതസ്സ് ആക്കി ഒരു സമഗ്ര കുടിവെള്ള പദ്ധതി ആരംഭിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ചുള്ളിയാർ ഡാമിലേയ്ക്ക് വെള്ളം എത്തിക്കുന്ന തിനുവേണ്ടി പലകപാണ്ടി മിനി ഡൈവേർഷൻ സ്കീം ഇപ്പോൾ ഏതാണ്ട് പൂർത്തീകരിച്ച് വെള്ളം ഡാമിലേക്ക് ഇറങ്ങിത്തുടങ്ങിയതുകാരണം ആവശ്യ ത്തിനുവെള്ളം കിട്ടും. അതുകൊണ്ട് ഒരു സമഗ്ര കുടിവെള്ളപദ്ധതി ആവിഷ്ക്കരിച്ച് മുതലമട ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ ശുദ്ധജലം എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പലകപാണ്ടി പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചിരിക്കുകയാണ്. അതിന്റെ കുറച്ച് പണികൾ കൂടി ശേഷിക്കുന്നുണ്ട്. ആ പണിയും കൂടി അടിയന്തരമായി പൂർത്തീകരിക്കു ന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനി ലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>): സർ, പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിൽപ്പെട്ട ഗ്രാമപഞ്ചായത്താണ് മുതലമട. ഈ പഞ്ചായത്തിൽ മീങ്കര ഡാം ഉറവിടമാക്കിക്കൊണ്ട് മീങ്കര ജംഗ്ഷൻ മുതൽ മുതലമട പഞ്ചായത്തിന്റെ അതിർത്തിയായ മാൻഞ്ചിറ വരെ മെയിൻറോഡിൽ പ്രധാന പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം നടത്തി വരുന്നു. എന്നാൽ വേനൽക്കാലത്ത് മീങ്കര ഡാമിൽ വേണ്ടത്ര വെള്ളമില്ലെന്നു മാത്രമല്ല ഗ്രാമപഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ ഈ പദ്ധതി കൊണ്ട് ഗുണം കിട്ടുന്നുമില്ല. ആയതുകൊണ്ട് ചുള്ളിയാർ ഡാമിൽ പലകപാണ്ടി പദ്ധതിയിൽ നിന്നും ആവശ്യത്തിന് വെള്ളം ലഭിക്കുമെന്ന കാര്യം പരിശോധിച്ചു വരികയാണ്. മുതലമട പഞ്ചായത്തിൽ മുഴുവനായും കൊല്ലങ്കോട് പഞ്ചായത്തിന്റെ ഒരു ഭാഗവും ഉൾപ്പെടുത്തി ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കാൻ സാധ്യമാകുന്ന കാര്യം സർവ്വേ നടത്തി രൂപകൽപ്പന ചെയ്യുന്നതാണ്. പദ്ധതിക്ക് ആവശ്യമായ സ്ഥലങ്ങൾ കൂടി ലഭിക്കേണ്ടതുണ്ട്. പലകപാണ്ടി പദ്ധതി ഏറ്റവും വേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## <u>ഡി.ഐ. പൈപ്പ് സ്ഥാപിക്കൽ</u>

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, അടൂർ നിയോജകമണ്ഡലത്തിലെ പ്രധാന ശുദ്ധജല വിതരണ പദ്ധതിയായ അടൂർ ശുദ്ധജലവിതരണ പദ്ധതിയുടെ പരിധി അടൂർ മുനിസിപ്പാലിറ്റിയും സമീപത്തുള്ള 5 പഞ്ചായത്തുകളും ഉൾപ്പെട്ട വിസ്തൃത പ്രദേശമാണ്. ഈ പദ്ധതിക്ക് 25 വർഷം മുമ്പ് ഉപയോഗയോഗ്യമാക്കിയിട്ടുള്ള കാലഹരണപ്പെട്ട എ.സി (ആസ്ബസ്റ്റോസ് സിമന്റ്)

പൈപ്പുകൾ നിരന്തരമായി പൊട്ടിപ്പോകുന്ന ദുഃസ്ഥിതി ബഹുമാനപ്പെട്ട ജല സേചന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പമ്പ് ഹൗസിൽനിന്നും പ്ലാന്റിലേയ്ക്കുള്ള പമ്പിംഗ് മെയിനുൾപ്പെടെ സർവീസ് ഏരിയയിലാകെ പഴയ എ.സി പൈപ്പുകൾ നിരന്തരം പൊട്ടിക്കൊണ്ടിരിക്കുക യാണ്. ഈയിടെയായി അടൂർ ടൗണിലും കെ.പി. റോഡിന്റെ വിവിധ ഭാഗങ്ങ ളിലും 20 പ്രാവശ്യത്തിലധികം പൈപ്പുകൾ പൊട്ടുകയുണ്ടായി. ഈ പൊട്ട ലിൽ പമ്പിംഗ് പ്രഷർ കാരണം വലിയ വ്യാസമുള്ള പ്രധാന പൈപ്പുക ളിൽനിന്നും ജലം ടാറിംഗ്പോലും തകർത്ത് അഞ്ചര മീറ്ററോളം ഉയർന്ന് ഭയാ നകമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ്. ഇതുമൂലം കാൽനട യാത്ര ക്കാരും ചെറുവാഹനങ്ങളും ശക്തമായ വെള്ളപ്പാച്ചിലിൽ എടുത്തെറിയപ്പെടു കയാണ്. ജല മെനുകളായ പഴയ എ.സി പൈപ്പുകൾ കെ.പി. റോഡിന്റെ മധ്യഭാഗത്തുകൂടി കുഴിച്ചിട്ടിരിക്കുകയാണ്. അപകടഭീഷണി സൃഷ്ടിക്കുന്ന ഈ സാഹചര്യം അടിയന്തരമായി പരിഹരിക്കുന്നതിന് പഴയ എ.സി. പൈപ്പു കൾ മാറ്റി പകരം പുതിയ ഡി.ഐ. (ഡക്ടൈൽ അയൺ) പൈപ്പുകൾ ഉപ യോഗിക്കുന്നതിനായി 45 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ അങ്ങയുടെ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് അനുവദിച്ചുതരുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് ഭയാനകമായ അന്തരീക്ഷം ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള അടൂർ ശുദ്ധജല വിതരണ പദ്ധതിയിൽ അടൂർ മുനി സിപ്പാലിറ്റിയും അതിനോട് ചേർന്നുകിടക്കുന്ന പഞ്ചായത്തുകളായ എഴംകു

ളം, പട്ടാഴി, വടക്കേക്കര, ഏനാദിമംഗലം, പള്ളിക്കൽ എന്നീ പ്രദേശങ്ങളും ഉൾപ്പെട്ടതാണ്. 1994–ൽ സ്ഥാപിതമായ ഈ പദ്ധതിയിലെ പ്രധാന പൈപ്പ് ലൈനുകളെല്ലാംതന്നെ എ.സി. പൈപ്പുകളാണ്. കാലപ്പഴക്കംകൊണ്ടും ജല ത്തിന്റെ ഉയർന്ന മർദ്ദംമൂലവും പൈപ്പുകൾ അടിക്കടി പൊട്ടിപ്പോകുന്നത് ഈ പദ്ധതിയിലൂടെയുള്ള ജലവിതരണത്തെയും റോഡുകളുടെ തകർച്ചയെയും ബാധിക്കാറുണ്ട്. പ്രധാന പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടുള്ളത് പുനലൂർ കായംകുളം റോഡിൽ പഴവിളൈ മുതൽ ഏഴംകുളം വരെയുള്ള ഭാഗത്തും പത്തനംതിട്ട–ഏഴംകുളം റോഡിൽ കൈപ്പട്ടൂർ മുതൽ ഏഴംകുളം വരെയു മാണ്. ടി റോഡുകളിൽ പുനലൂർ കായംകുളം–റോഡ് അടുത്ത കാലത്തായി പൊതുമരാമത്ത് വകുപ്പ് പുനരുദ്ധാരണത്തിന്റെ ഭാഗമായി ബി.എം.&ബി.സി ടാറിംഗ് നടത്തുകയും വശങ്ങളിലേയ്ക്ക് വ്യാപിക്കുകയും ചെയ്തതിനാൽ നിലവിലുള്ള പൈപ്പ് ലൈനുകളിൽ ഭൂരിഭാഗവും ടാറിംഗിനുള്ളിലായിട്ടാണ് വന്നിരിക്കുന്നത്. ഈ ഭാഗങ്ങളിൽ അടിക്കടിയുണ്ടാകുന്ന ലീക്കുകൾ ജലവിത രണം തടസപ്പെടുത്തുന്നതിനും റോഡിന്റ തകർച്ചയ്ക്കും തന്മൂലം ജനപ്രതിനി ധികളുടെയും തദ്ദേശവാസികളുടെയും സംഘടനകളുടെയും എതിർപ്പിന് കാരണമാകുന്നു. മഹത്തായ ഈ പദ്ധതിയിലെ പ്രധാനകുഴലിൽ ഉണ്ടായിരി ക്കുന്ന ലീക്ക് പരിഹരിച്ചാൽത്തന്നെയും വിതരണം സാധാരണ നിലയിൽ പുനഃസ്ഥാപിക്കുന്നതിന് ആഴ്ചകൾ വേണ്ടിവരും. അടൂർ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി നിലവിലെ എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ, പി. വി.സി പൈപ്പുകൾ സ്ഥാപിക്കുന്നതിലേയ്ക്ക് 45 കോടി രൂപ ചെലവ് പ്രതീ ക്ഷിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി പ്രവൃത്തി ഏറ്റെടു ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഡോക്ടർമാരുടെ അഭാവം

ശ്രീ. റ്റി.യു. കുരുവിള: സർ, കോതമംഗലം നിയോജക മണ്ഡലത്തിലെ കോതമംഗലം താലൂക്കാശുപത്രി നേര്യമംഗലം, പല്ലാരിമംഗലം, വാരപ്പെട്ടി എന്നീ സി.എച്ച്.സി കളിൽ ഡോക്ടർമാരുടെ കുറവുമൂലം നൂറ് കണക്കിന് ആദിവാസികളുൾപ്പെടെയുള്ള രോഗികൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ. 173 കിടക്കകളുള്ള കോതമംഗലം താലൂക്കാശുപത്രിയിൽ 19 ഡോക്ടർമാരുടെ തസ്തികയാണുള്ളതെങ്കിലും സൂപ്രണ്ട് ഉൾപ്പെടെ 5 ഡോക്ടർമാർ മാത്രമാണ് ഇപ്പോഴുള്ളത്. 14 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. മൂന്ന് ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ആശുപത്രികളിൽ ജോലി ചെയ്യുന്നു. ഇവരെ തിരികെ കൊണ്ടുവരികയോ അല്ലെങ്കിൽ പകരം ഡോക്ടർമാരെ നിയമിക്കുകയോ ഒഴിവുള്ള മുഴുവൻ തസ്തികകളിലും ഡോക്ടർമാരെ നിയമിക്കുകയോ വേണം. ഡോക്ടർമാരുടെ കുറവുകാരണം 3.5 കോടി രൂപ ചെലവഴിച്ച് പുതിയതായി പണി തീർത്ത തീയറ്ററും അനുബന്ധ വാർഡുകളും ജനങ്ങൾക്ക് ഉപയോഗപ്രദമായ വിധത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. മലയോര പ്രദേശമായ ആദിവാസി മേഖലകളിലെ കോളനികളിൽനിന്നും ഹൈറേഞ്ച് കവാടമായ കോതമംഗലം താലൂക്കിലെ പിന്നോക്ക പ്രദേശങ്ങളിൽനിന്നുമുള്ള ആയിരത്തിൽകൂടുതൽ രോഗികളാണ് കോതമംഗലം താലക്കാശുപത്രിയിൽ നിത്യേന എത്തുന്നത്. കൂടാതെ നേര്യമംഗലം സി.എച്ച്.സി യിൽ ഐ.പി. ആരംഭിക്കേണ്ടതുണ്ട്.

ഇവിടെ ഐ.പി ആരംഭിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. അതുപോലെ പല്ലാരിമംഗലം സി.എച്ച്.സി യിലും ഐ.പി ആരംഭിക്കേണ്ടതുണ്ട്. ഇവിടെ ഒരു ഡോക്ടർ പോലും ഇപ്പോഴില്ല. അതുകൊണ്ട് ഡോക്ടറെയും നിയമിക്കേണ്ടതാണ്. കൂടാതെ വാരപ്പെട്ടി സി.എച്ച്.സി യിൽ ഐ.പി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടെ ആവശ്യത്തിന് സ്റ്റാഫില്ല. ആയിരക്കണക്കിന് രോഗികൾ നിത്യേന എത്തുന്ന ഈ നാല് ആശുപത്രികളിലും ഡോക്ടർമാരുൾപ്പെടെ ഒഴിവുള്ള എല്ലാ തസ്തികകളും അടിയന്തരമായി നികത്തേണ്ടതിന്റെയും ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 173 കിടക്കകൾ അനുവദിച്ചിട്ടുള്ള കോതമംഗലം താലൂക്കാശുപത്രിയിലെ ശരാശരി ഒ.പി. 700 ഉം ഐ.പി. 80 ഉം ആണ്. 2012–ൽ പണി പൂർത്തീകരിക്കപ്പെട്ട അമ്മമാരുടെയും കുട്ടികളുടെയും വാർഡിൽ ഓപ്പറേഷൻ തീയറ്ററിന്റെ പണി പൂർത്തീകരിച്ചുവരുന്നു. 19 ഡോക്ടർമാരുടെ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുള്ള ഈ ആശുപത്രിയിൽ നാല് അഡ്ഹോക് ഡോക്ടർമാരുൾപ്പെടെ 15 പേർ ജോലി ചെയ്യുന്നു. ഈ ആശുപത്രിയിൽ ഇ.എൻ.റ്റി, ഓർത്തോപീഡിക്സ്, ഗൈനക്കോളജി, മെഡിസിൻ, പീഡിയാട്രിക്, ദന്തൽ, അനസ്തേഷ്യ, കാഷ്വാലിറ്റി വിഭാഗങ്ങളുടെ സേവനം ലഭ്യമാണ്. ഈ ആശുപത്രിയിലെ ഗൈനക്കോളജി, പീഡിയാട്രിക്സ്

എന്നീ വിഭാഗങ്ങളിലെ കൺസൾട്ടന്റ് ഡോക്ടർമാർ പറവൂർ താലൂക്കാശുപത്രിയിലും ഗൈനക്കോളജി, ഇ.എൻ.ടി ജൂനിയർ കൺസൾട്ടന്റ് ഡോക്ടർമാർ നെടുമങ്ങാട് ജില്ലാ ആശുപത്രിയിലും ചേർത്തല താലൂക്കാശുപത്രിയിലും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുകയാണ്. വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം ഡോക്ടർമാരെ നിയമിച്ചിട്ടുള്ളതിനാൽ ഇവിടെ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാർമാരുടെ ഒഴിവുകൾ സർവീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 24 കിടക്കകൾ വീതമുള്ള നേര്യമംഗലം, പല്ലാരിമംഗലം സി.എച്ച്.സി. കളിൽ രണ്ട് ഡോക്ടർമാരുടെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ ഡോക്ടർമാരുടെ ഒഴിവുകളില്ല. എം. എൽ.എ ഫണ്ടുപയോഗിച്ചുള്ള പുതിയ ഐ.പി. കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിലാണ്. ഈ സി.എച്ച്.സി കളിൽ ഐ.പി. ആരംഭിക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വാരപ്പെട്ടി സി.എച്ച്.സി യിൽ ഒ.പി 300 മുതൽ 350 വരെയും ഐ.പി ഇരുപതുമാണ്. ഐ.പി. നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതിനാൽ കൂടുതൽ സപ്പോർട്ടിംഗ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## അലവൻസ് വർദ്ധനവ്

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കേരളത്തിൽ ഓരോ വർഷവും ഏകദേശം ഇരുപത്തിനാലായിരത്തോളം പോസ്റ്റ്മോർട്ടങ്ങൾ നടക്കുന്നുണ്ട്. ഇതിൽ ഒൻപതിനായിരത്തോളം മെഡിക്കൽ കോളേജുകളിലും പതിനയ്യായിരത്തോളം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലുമാണ് നടക്കുന്നത്. കേരളത്തിലാകെ 40-ൽ താഴെ പോലീസ് സർജൻമാരാണുള്ളത്. വേഗത്തിലും ഉയർന്ന നിലവാരത്തിലും പേസ്റ്റ്മോർട്ടം നടത്താൻ ആവശ്യത്തിന് പോലീസ് സർജൻമാർ വേണം. കൊലപാതകം, സ്ത്രീധനപീഡന മരണം, ദുരൂഹ മരണം, മരണ കാരണം വ്യക്തമല്ലാത്ത കേസുകൾ എന്നിവയിലെല്ലാം നിർബന്ധമായും പോലീസ് സർജൻതന്നെ പോസ്റ്റ്മോർട്ടം നടത്തണം. മെഡിക്കൽ കോളേജുകളില്ലാത്ത 9 ജില്ലകളിലും ആവശ്യത്തിന് പോലീസ് സർജൻമാരില്ലാത്തതിനാൽ ജനങ്ങൾ നട്ടം തിരിയുകയാണ്. പോസ്റ്റംമോർട്ടം രാത്രികാലങ്ങളിൽ നടത്തണമെന്ന ആവശ്യം ഈ സഭയിൽ ബഹുമാനപ്പെട്ട ശ്രീ. എൻ.എ. നെല്ലിക്കുന്ന് നിരവധി തവണ ഉന്നയിച്ചതാണ്. മറ്റൊരു വിഷയം എനിക്ക് അവതരിപ്പിക്കാനുള്ളത്, പോലീസ് സർജൻമാരെ കിട്ടാതിരിക്കാൻ പ്രധാനപ്പെട്ട കാരണം അവർക്ക് നേരിടേണ്ടിവരുന്ന അവഗണനയാണ്. കേരളത്തിലെ പോലീസ് സർജന് ആഭ്യന്തര വകുപ്പിൽ വർക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പ്രതിമാസ അലവൻസ് 150 രൂപയാണ്. ഒരു ദിവസം 5 രൂപയാണ് ഗവൺമെന്റ് അലവൻസായി അവർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ റേറ്റ് ഫിക്സ് ചെയ്തത് 1984-ലാണ്. അന്ന് എനിക്ക് ഒരു വയസായിരിക്കും പ്രായം. ഈ റേറ്റ് മാറ്റിക്കൊടുക്കാൻ ഇതുവരെ ഒരു സർക്കാരും ശ്രമിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തും നിരവധി

നിവേദനങ്ങൾ കൊടുത്തതിന്റെ ഫലമായി ശമ്പളപരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് വിട്ടു. എന്നാൽ ഇത് പരിഗണനാ വിഷയമായ അലവൻസുകളുടെ കൂട്ടത്തിൽ ഉൾപ്പെടില്ല എന്ന കാരണം പറഞ്ഞ് കമ്മീഷൻ ഈ അലവൻസിന്റെ കാര്യം കണക്കിലെടുത്തില്ല. ഈ സർക്കാരിന്റെ കാലത്തും കേരള മെഡിക്കോ ലീഗൽ സൊസൈറ്റി ധാരാളം നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനമാക്കി നിശ്ചയിച്ചാൽപോലും സർക്കാരിന് വരുന്ന ചെലവ് ഒരു മാസം 2 ലക്ഷം രൂപയാണ്. കേരളത്തിൽ ജില്ലാ പോലീസ് സർജൻ എന്ന ഔദ്യോഗിക സ്ഥാനം പാലക്കാട് ജില്ലയിലെ ഒരു ഡോക്ടർക്കുമാത്രമേ നൽകിയിട്ടുള്ളൂ. ഈ അവഗണനകളുടെ ഫലമായി ഫോറൻസിക് മെഡിക്കൽ സ്പെഷ്യലിസ്റ്റുകളുടെ ഡോക്ടർമാർ സർക്കാർ സർവീസിലേയ്ക്ക് വരാൻ മടിക്കുകയാണ്. അസിസ്റ്റന്റ് പോലീസ് സർജന് പ്രതിമാസം 125 രൂപയും ഡെപ്യൂട്ടി പോലീസ് സർജന് പ്രതിമാസം 150 രൂപയും പോലീസ് സർജന് പ്രതിമാസം 190 രൂപയുമാണ് നമ്മൾ കൊടുക്കുന്ന അലവൻസ്. ഇത് ഈ കാലഘട്ടത്തിന് യോജിച്ചതാണോ? ഇരുപത്തിനാലായിരത്തോളം പോസ്റ്റ്മോർട്ടം ഒരു വർഷം നടക്കുകയാണ്. ദിവസങ്ങളോളം സൂക്ഷിക്കുന്ന ചീഞ്ഞളിഞ്ഞ മൃതദേഹംപോലും ഇവർക്ക് പോസ്റ്റ്മോർട്ടം ചെയ്യേണ്ടിവരുന്നു. വലിയ അവഗണനയാണ് ഇവരോട് കാണിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന ആളുകൾക്കുപോലും ദിവസം ഇതിലേറെ ശമ്പളം കൊടുക്കുമ്പോൾ പോലീസ് സർജന് അലവൻസായി ഒരു മാസം 125 ഉം 150 ഉം രൂപ കൊടുക്കുന്നത് വളരെ അപമാനകരമാണ്. ഇതുമായി ബന്ധപ്പെട്ട് പല കമ്മിറ്റികളുടെ ശുപാർശകളു

മുണ്ട്. ശുപാർശ പരിഗണിച്ചുവരുന്നുണ്ട് എന്നത് നമുക്കെല്ലാവർക്കും അറിയാം. പക്ഷേ ഇതിലൊരു തീരുമാനം സർക്കാർ എന്നത്തേയ്ക്ക് എടുക്കുമെന്ന് പറയണം. അടിയന്തരമായി ഈ പ്രശ്നം പരിഹരിക്കണമെന്ന് ഈ സഭയുടെ മുമ്പാകെ ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പോലീസ് സർജൻമാരുടെ പ്രതിമാസ അലവൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി നൽകിയ ശുപാർശ വിശദമായി പരിശോധിച്ച് അഭിപ്രായം അറിയിക്കുന്നതിനായി ആഭ്യന്തര വകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നൽകിയിരുന്നു. അസിസ്റ്റന്റ് പോലീസ് സർജൻമാരുടെ പ്രതിമാസ അലവൻസ് 150 രൂപയിൽനിന്ന് 6000 രൂപയായും പോലീസ് സർജൻമാരുടെയും പ്രൊഫസർമാരുടെയും പ്രതിമാസ അലവൻസ് 190 രൂപയിൽനിന്ന് 8000 രൂപയായും വർദ്ധിപ്പിക്കുന്നതിനായി നൽകിയ ശുപാർശ പരിശോധിച്ചുവരികയാണ്. വളരെ പെട്ടെന്നുതന്നെ അതുമായി ബന്ധപ്പെട്ടുള്ള തീരുമാനമെടുക്കുന്നതാണ്. 17 ആശുപത്രികളിലായി ഫോറൻസിക് വിഭാഗം ഡോക്ടർമാരുടെ 17 തസ്തികകൾ നിലവിലുണ്ട്. എന്നാൽ നിലവിൽ 5 ആശുപത്രികളിൽ മാത്രമാണ് ഫോറൻസിക് വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് സർവീസിൽ ബിരുദാനന്തര ബിരുദമുള്ള ഡോക്ടർമാരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം

നടത്താനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## ബൈപ്പാസിന്റെയും പാലത്തിന്റെയും നിർമ്മാണം

ശ്രീ. മാത്യു റ്റി. തോമസ് : സർ, തിരുവല്ല ബൈപ്പാസിന്റെയും പന്നിക്കുഴി പാലത്തിന്റെയും പണികൾ വൈകുന്ന പ്രശ്നം ഉന്നയിക്കാനാണ് ഈ സബ്മിഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. എം.സി. റോഡിലൂടെയുള്ള യാത്രയ്ക്ക് രണ്ട് ബോട്ടിൽനെക്കായി നിൽക്കുന്നത് തിരുവല്ല ബൈപ്പാസിന്റെ പണി സ്തംഭിച്ചുനിൽക്കുന്നതും പന്നിക്കുഴി പാലവുമാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബൈപ്പാസിന്റെ പണികളുടെ തറക്കല്ല് ഇടുകയുണ്ടായി. പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പായതുകൊണ്ട് ബൈപ്പാസ് കൊണ്ടുവന്നതിന് ധാരാളം അവകാശികളുണ്ടായി. അതിന്റെ രാഷ്ട്രീയത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പണി തടസ്സപ്പെട്ടപ്പോൾ കുറ്റവാളി എം.എൽ.എ. ആണ്. തറക്കല്ലിടുന്ന സമയത്ത് തങ്ങൾ കൊണ്ടുവന്നതാണെന്ന് വലിയ വാശിയോടെ പ്രസംഗിച്ചെങ്കിലും പിന്നീട് പണി തടസ്സപ്പെട്ടപ്പോൾ കുഴപ്പക്കാരൻ എം.എൽ.എ. ആവുകയാണ്. 2013-ൽ ഏറ്റെടുത്ത്, കെ.എസ്.ടി.പി. യുടെ കൈവശം വന്ന ഭൂമിക്ക് 2014-ലെ പുതിയ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഭൂമി ഏറ്റെടുത്തതിന്റെ നോട്ടിഫിക്കേഷൻ ഉൾപ്പെടെ ക്യാൻസൽ ചെയ്യാനാണ് കേസ് വന്നിരിക്കുന്നത്. അതിനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഉത്തരവ് നൽകിയിരിക്കുന്നത്. ഭൂമിയുടെ വില നിശ്ചയിച്ചത് കോടതിയിൽ കെട്ടിവയ്ക്കാതിരുന്ന ഒരു അനാസ്ഥ കൂടി വന്നിട്ടുണ്ട്. സ്റ്റേ ഒഴിവാക്കി കിട്ടു

ന്നതിനുള്ള അടിയന്തര നടപടികളുണ്ടാകണം. നിയമവ്യവസ്ഥയിൽ ഭൂമി ഏറ്റെടുത്തതിനുശേഷം നിലവിൽ വന്ന നിയമം ഉപയോഗിച്ചുകൊണ്ട് പണികൾ തടസ്സപ്പെടുത്തുന്ന സ്റ്റേ ഒഴിവാക്കിക്കിട്ടാൻ ഉടനടി നടപടി സ്വീകരിക്കണം. അതുപോലെ കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽപ്പെടുത്തിയാണ് പന്നിക്കുഴി പാലം നിർമ്മിക്കുന്നത്. കെ.എസ്.ടി.പി. രണ്ടാംഘട്ടം പണി ഏറ്റെടുത്ത കരാറുകാരൻ പണി നടത്താത്തതുകൊണ്ട് റീ–ടെണ്ടറിലേയ്ക്ക് പോയിരിക്കുന്നു. ഈ പണി വൈകുന്നതുകാരണം എം.സി. റോഡിൽ വലിയ തടസ്സമുണ്ടാകുന്നു. അതുകൊണ്ട്, പന്നിക്കുഴി പാലത്തിന്റെ പണി വൈകുന്നത് പരിഗണിച്ച്, ഗതാഗതക്കുരുക്ക് ഉണ്ടാകുന്ന സമയത്ത് വാഹനങ്ങൾ തിരിച്ചുവിടാൻ പൈപ്പും മണ്ണുമിട്ട് സമാന്തരമായി ഒരു ഇടവഴി നിർമ്മിക്കണം. അല്ലാത്തപക്ഷം പന്നിക്കുഴി പാലത്തിന്റെ പണി പ്രത്യേകമായി പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് ചെയ്യിക്കുന്നതിന് ആസ്തിവികസന ഫണ്ടിന്റെ മുഴുവൻ തുകയും ഏൽപ്പിക്കാം. അത്രയ്ക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. ഈ രണ്ട് പ്രശ്നങ്ങളിലും സർക്കാരിന്റെ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിലെ പാക്കേജ് 4–ൽ ഉൾപ്പെട്ട ചെങ്ങന്നൂർ–ഏറ്റുമാനൂർ റോഡിലാണ് പന്നിക്കുഴി പാലം സ്ഥിതി ചെയ്യുന്നത്. ഈ റോഡിന്റെ നിർമ്മാണത്തിനായുള്ള 245 കോടി രൂപയുടെ കരാർ 30–11–2013 –ൽ നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ കരാറുകാരൻ എഗ്രിമെന്റ് വയ്ക്കാത്തതിനാൽ ഈ പ്രവൃത്തി റീ–ടെണ്ടർ ചെയ്തു. റീ–ടെണ്ടർ ചെയ്തതിന്റെ സൂക്ഷ്മ പരിശോധന നടന്നുവരുന്നു.

എത്രയും പെട്ടെന്ന് കരാർ ഉറപ്പിച്ച് പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം തുടങ്ങുന്നതാണ്. പന്നിക്കുഴി പാലത്തിന് 2 കോടി 13 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. അതേസമയം അങ്ങയുടെ നിയോജകമണ്ഡലത്തിലൂടെ 245 കോടി രൂപയുടെ പദ്ധതിയാണ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. നഷ്ടപ്പെട്ടുവെന്ന് കരുതിയ പദ്ധതിയാണ് കെ.എസ്.ടി.പി. രണ്ടാംഘട്ടം പദ്ധതി. 31.8 കോടി രൂപയ്ക്കുള്ള തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതാണെങ്കിലും അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, ഒരു ഭൂവുടമ ചെന്നൈ നാഷണൽ ഗ്രീൻ ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസ്സിൽ സ്റ്റാറ്റസ്കോ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി, ജി.ഒ. ഇറക്കി ഗ്രീൻ ട്രിബ്യൂണലിൽ കേസ് അഡ്വാൻസായി 15-ാം തീയതി എടുപ്പിച്ചിരിക്കുകയാണ്. ഇനി അതിന്മേൽ ഒരു കുഴപ്പവുമില്ലാത്ത നിലയിലായിക്കിട്ടാൻ അങ്ങയുടെ ഗുഡ്ഓഫീസ് ഉപയോഗിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതുപോലെ, 5 ഭൂവുടമകൾ ഹൈക്കോടതിയിൽ നൽകിയിട്ടുള്ള പെറ്റീഷൻ, നെഗോഷ്യേറ്റഡ് പർച്ചേസ് നടത്താനുള്ള ശ്രമത്തിലാണ്. പരാതിക്കാർ ആ സ്ഥിതിയിൽ നിന്നാലും ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനത്തെ ബാധിക്കില്ല. ഗ്രീൻ ട്രിബ്യൂണലിന്റെ സ്റ്റേ വെക്കേറ്റ് ചെയ്താൽ പണി ഉടൻ ആരംഭിക്കാം.

## പാലങ്ങളുടെ നിർമ്മാണം

ശ്രീ. തോമസ് ചാണ്ടി : സർ, 44 നദികളാണ് കേരളത്തിൽ തലങ്ങും വിലങ്ങും ഒഴുകുന്നത്. എക്സ്പ്രസ് ഹൈവേ വന്നാൽ കേരളം രണ്ടായി പോകുമെന്ന് പറഞ്ഞ ആളുകൾ അപ്പുറത്തും ഇപ്പുറത്തുമുണ്ട്. 44 നദിക

ളുള്ള ഈ നാട്ടിലെ 5 നദികൾ ഒഴുകുന്നത് കുട്ടനാട്ടിലൂടെയാണ്. അതു കൊണ്ട് കുട്ടനാട്ടുകാർ രണ്ടല്ല, പത്തിരുപത്തിയഞ്ച് കഷ്ണങ്ങളായി ചിതറി കിടക്കുകയാണ്. പാലം വരുമെന്ന് കേട്ടാൽ, ഒരു സൈക്കിളോ മോട്ടോർ സൈക്കിളോ എങ്കിലും നമ്മുടെ നാട്ടിൽ വരുമെന്നുകരുതി സന്തോഷി ക്കുന്ന കർഷകരും കർഷകത്തൊഴിലാളികളും ധാരാളമുള്ള സ്ഥലത്തിന്റെ പ്രതിനിധിയാണ് ഞാൻ. പാലങ്ങൾ അനുവദിക്കുന്നുണ്ട്. പക്ഷേ രണ്ടുമൂന്ന് കൊല്ലം കഴിഞ്ഞാലും അതിന്റെ ഒരു പ്രവർത്തനവും തുടങ്ങാൻ കഴിയു ന്നില്ല. ഇവിടെ 2012-ൽ 305/12 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവാ യതും ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുമായ കൈനകരി - മുണ്ടയ്ക്കൽ പാലത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് രണ്ടുകൊല്ലമായിട്ടും നാളി തുവരെ കഴിഞ്ഞിട്ടില്ല. അതുപോലെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച, 2014-ൽ വീണ്ടും പൊതുമരാമത്ത് വകുപ്പ് ഭരണാനു മതി നൽകിയ മുട്ടയം പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇതുവരെ തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. മാണിസാർ അനുവദിച്ചുതന്നതും ഈ വർഷം വീണ്ടും ധനകാര്യവകുപ്പ് ആവശ്യപ്പെട്ടതുമായ ജിമംഗലം പാലം, തയ്ച്ചേരി പാലം എന്നീ പാലങ്ങളുടെ എസ്റ്റിമേറ്റ് നാളിതുവരെ ധനകാര്യവകുപ്പിൽ എത്തിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് കഴിഞ്ഞിട്ടില്ല. ഇത്രയും നെല്ലുൽപ്പാദിപ്പിക്കുന്ന ദേശത്ത് ഈ പാലങ്ങൾ ഉണ്ടായാൽ നെല്ലെടുക്കാൻ ലോറി ചെല്ലും. അതുകൊണ്ട് ദൈവത്തെ ഓർത്ത്, അങ്ങ് അടിയന്തര നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സര്‍, അങ്ങേയ്ക്ക് അറിയാവുന്നതുപോലെ കുട്ടനാട്ടില്‍ ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിനുശേഷം ഒന്നുരണ്ട് പാലങ്ങള്‍ അനുവദിക്കുകയും നിര്‍മ്മാണ പ്രവൃത്തികള്‍ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വളരെ ഉദാരമായ നിലപാടാണ് കുട്ടനാടിനോട് ഗവണ്‍മെന്റും പൊതുമരാമത്ത് വകുപ്പും സ്വീകരിച്ചിട്ടുള്ളത്. കൈനകരി-മുണ്ടയ്ക്കല്‍ പാലത്തിന്റെ നിര്‍മ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് വിട്ടുപോയ സര്‍വ്വേ നമ്പര്‍ ഉള്‍പ്പെടുത്തി റിവൈസ്ഡ് പ്രൊപ്പോസല്‍ ജില്ലാ കളക്ടര്‍ക്ക് സമര്‍പ്പിച്ചിട്ടുണ്ട്. പാലം നിര്‍മ്മാണത്തിനുള്ള 22 കോടി 50 ലക്ഷം രൂപയുടെ പ്രൊപ്പോസല്‍ സര്‍ക്കാരിന്റെ പരിഗണനയിലാണ്. മുട്ടയം പാലത്തിന്റെ നിര്‍മ്മാണത്തിന് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ജിംമംഗലം, തയ്ച്ചേരി പാലങ്ങളുടെ നിര്‍മ്മാണത്തിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാല്‍ ഭരണാനുമതി നല്‍കുന്ന കാര്യം പരിഗണിക്കുകയുണ്ടായില്ല. എന്നാല്‍ ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമര്‍പ്പിക്കുന്നതിന് ധനകാര്യവകുപ്പ് 19-6-2014-ല്‍ അനൗദ്യോഗിക കുറിപ്പ് മുഖാന്തിരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തില്‍ പുതുക്കിയ പ്രൊപ്പോസല്‍ സമര്‍പ്പിക്കുന്നതിന് ചീഫ് എഞ്ചിനീയറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് expedite ചെയ്യാം.

## ഭരണാനുമതിയും റോഡ് നവീകരണവും

ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍ : സര്‍, ഗുരുവായൂര്‍ ക്ഷേത്ര നഗരം വളരെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങള്‍ നേരിടുകയാണ്. അതില്‍ ഒന്ന്, റെയില്‍വേ ഗേറ്റ് 36 തവണ അടയ്ക്കുന്നതുമൂലം വലിയ ഗതാഗതക്കുരുക്ക്

ഉണ്ടാകുന്നുവെന്നതാണ്. ചില ദിവസങ്ങളിൽ 100 മുതൽ 150 വരെ വിവാഹങ്ങളും ചോറൂണും നടക്കുന്ന ഗുരുവായൂർ ക്ഷേത്രത്തിൽ ഗേറ്റ് അടയ്ക്കുന്നതുമൂലം മണിക്കൂറുകളോളം ക്ഷേത്രനഗരത്തിൽ ഗതാഗതം തടസ്സപ്പെടുകയും ആളുകൾക്ക് സഞ്ചരിക്കാൻപോലും കഴിയാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു. ഈ വിഷയം, ജനുവരി 21-ാം തീയതി ഞാൻ സബ്മിഷനായി അവതരിപ്പിച്ചിരുന്നു. മേൽപ്പാലത്തിന് ഭരണാനുമതി നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കാമെന്നായിരുന്നു ബഹുമാനപ്പെട്ട മന്ത്രി അതിന് നൽകിയ മറുപടി. അക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ലെന്നാണ് ഏറ്റവും ഒടുവിൽ കിട്ടിയ വിവരം. ഇത് ഗവൺമെന്റ് അടിയന്തരമായി പരിഗണിക്കേണ്ട കാര്യമാണ്. കേരളത്തിൽ മറ്റെവിടെ മേൽപ്പാലം ഉണ്ടാക്കിയില്ലെങ്കിലും ഗുരുവായൂർ നഗരത്തിൽ ഒരു റെയിൽവേ മേൽപ്പാലം ഉണ്ടാക്കുന്നില്ലെങ്കിൽ വലിയ പ്രശ്നമുണ്ടാകും. റെയിൽവേ അതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി ഭരണാനുതി നൽകണം. 11 സെന്റ് സ്ഥലം മാത്രമെ അക്വയർ ചെയ്യേണ്ടതുള്ളു. അതുകൊണ്ട് മേൽപ്പാലത്തിന് ഭരണാനുമതി നൽകണം. അതോടൊപ്പം മറ്റൊരു പ്രശ്നം ഗുരുവായൂർ നഗരത്തിലെ റോഡുകൾ അഴുക്കുചാൽ പദ്ധതിക്ക് വേണ്ടി പൊളിച്ചെങ്കിലും നവീകരിക്കുന്നതിന് വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. മാധ്യമങ്ങളൊക്കെ ആ പ്രശ്നത്തിൽ വലിയ തോതിൽ ഇടപെടുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ച് ചേർക്കുകയും ചെയ്തിരുന്നു. ആ തീരുമാനപ്രകാരം അടിയന്തരമായി റോഡുകൾ നവീകരിക്കുന്നതിന് നടപടി ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):സർ, അങ്ങ് പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട ഒരു മേൽപ്പാലമാണിത്. 22 കോടി രൂപയാണ് അതിന്റെ എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത്. അത് അവഗണിച്ചുവെന്ന് പറയുന്നത് ശരിയല്ല. 2012–2013–ലെ റെയിൽവെയുടെ വർക്ക് പ്രോഗ്രാമിൽ അതുൾപ്പെടുത്തിയിട്ടുണ്ട്. അവിടത്തെ യഥാർത്ഥ പ്രശ്നം അതല്ല. അതൊരു ക്ഷേത്രനഗരിയാണ്. നമ്മളിപ്പോൾ ഇവിടെ റെയിൽവേ ഓവർബ്രിഡ്ജുകൾ നിർമ്മിക്കുമ്പോൾ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ഫണ്ട് കടമെടുത്താണ് ആർ.ബി.ഡി.സി.കെ (റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്). ഈ പ്രവൃത്തികളൊക്കെ ചെയ്യുന്നത്. പണി തീർന്നുകഴിഞ്ഞ് പാലം ഉത്ഘാടനം ചെയ്തുകഴിഞ്ഞാലുടൻ ടോൾ പിരിക്കാറുണ്ട്. പക്ഷെ ഇവിടെ ടോൾ പിരിക്കാൻ സാധിക്കുകയില്ല. കാരണം ഇതൊരു ക്ഷേത്രനഗരിയാണ്. അതു സംബന്ധിച്ച് എം.എൽ.എ.യും അതുപോലെതന്നെ ഗുരുവായൂർ ദേവസ്വം ബോർഡ് പ്രസിഡന്റും പ്രത്യേകം റെപ്രസന്റ് ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം വകുപ്പുമന്ത്രി, എം.എൽ.എ., എം.പി. എന്നിവരുടെ ഒരു യോഗം വിളിച്ചുചേർത്ത് ഫണ്ട് കണ്ടെത്തി ടോളില്ലാത്ത ഒരു പാലമാക്കി മാറ്റിയില്ലെങ്കിൽ ഭാവിയിൽ വളരെയധികം പ്രശ്നങ്ങളുണ്ടാകും കാരണം, ഇതൊരു ക്ഷേത്രനഗരിയാണ്. ദേവസ്വംബോർഡ് പ്രസിഡന്റിനോട് യോഗം വിളിച്ചുചേർക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ നൽകാൻ ആവശ്യപ്പെടുകയും അദ്ദേഹം പ്രൊപ്പോസൽ നൽകുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ. യുടെയും എം.പി.യുടെയുമൊക്കെ യോഗം വിളിച്ച് നമുക്ക് ഈ

കാര്യത്തിലൊരു തീരുമാനമെടുത്ത് മുന്നോട്ടുപോകണം. പണി തുടങ്ങി യതിനുശേഷം വലിയൊരു പ്രക്ഷോഭമുണ്ടാകുന്ന സ്ഥിതിവിശേഷം ആ ക്ഷേത്ര നഗരിയിലുണ്ടാകാൻ പാടില്ല. അതുകൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലൊരു മീറ്റിംഗ് വിളിച്ച് എങ്ങനെ മുന്നോട്ടു പോകണമെന്നും ടോൾ പിരിവില്ലാതെ ഒരു പാലം നിർമ്മിച്ച് പോകാൻ സാധിക്കുമോയെന്ന് ആലോചിക്കാം. ഗുരുവായൂർ നഗരത്തിൽ ഔട്ടർറിങ്ങ് റോഡ് നിർമ്മാണ കാര്യത്തിൽ 01–07–2014–ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യ ത്തിൽ യോഗം വിളിച്ചിരുന്നു. അതുസംബന്ധിച്ച് ഇപ്പോഴുള്ള പ്രശ്നങ്ങൾ തീർക്കുന്നതിന് വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും ഉദ്യോഗസ്ഥന്മാരായ വാട്ടർ റിസോഴ്സസിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും അവിടെ സ്ഥലം പരിശോധിച്ച് അതിനൊരു പ്രോഗ്രാം തയ്യാറാക്കി മുന്നോട്ടുപോകാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് മുന്നോട്ടുപോകുന്നതാണ്.

## മിനി സിവിൽ സ്റ്റേഷൻ

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി മണ്ഡലത്തിൽ അതിവേഗം വളർന്നുവരുന്ന ഒരു നഗരമാണ് ബാലുശ്ശേരി. ബഹുമാനപ്പെട്ട മന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും വളരെയധികം അറിയാവുന്ന ഒരു പ്രദേശം കൂടിയാണിത്. അവിടെ സബ് രജിസ്ട്രാർ ഓഫീസ്, എംപ്ലോയ്മെന്റ് ഓഫീസ്, എക്സൈസ് ഓഫീസ്, എ.ഇ.ഒ. ഓഫീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, കെ.എസ്.ഇ.ബി.യുടെ ഡിവിഷൻ ഓഫീസ്, സബ് ഡിവിഷൻ ഓഫീസ്, സെക്ഷൻ ഓഫീസുകൾ ഒക്കെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വർഷങ്ങളായി വലിയ

വാടകയാണ് ഇതിന് കൊടുത്തുകൊണ്ടിരിക്കുന്നത്. അതിന് വേണ്ട സൗകര്യവും അവിടെയില്ല. അതുമാത്രമല്ല, ജനങ്ങൾക്ക് എത്താനും വളരെ ദുർഘടമായ വഴികളാണ് ആ പ്രദേശത്തുള്ളത്. രേഖകൾ സൂക്ഷിക്കുന്നതിനും സൗകര്യമില്ലാത്ത അവസ്ഥയാണ്. 9 പഞ്ചായത്തുകളിലെ ജനങ്ങൾക്കായി ഒരു മിനി സിവിൽ സ്റ്റേഷൻ ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എഴുതിത്തന്നിരുന്നു, അതാണ് ഈ സബ്മിഷൻ കൊണ്ടുദ്ദേശിക്കുന്നത്. ബാലുശ്ശേരി കൃഷി ഭവനും, വില്ലേജ് ഓഫീസും, ഇൻഡസ്ട്രിയൽ എസ്റ്റേറ്റുമുള്ള ഒരു പ്രദേശമാണ് പറമ്പിൻമുഗൾ, അത് ഗവൺമെന്റ് സ്ഥലമാണ്. റവന്യൂ വകുപ്പുമന്ത്രികൂടി ഇടപ്പെട്ടാൽ വിവിധ സർക്കാർ ഓഫീസുകൾ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ സാധിക്കും. അതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):സർ, ബഹുമാനപ്പെട്ട പുരുഷൻ കടലുണ്ടി ഉന്നയിച്ചത് ബാലുശ്ശേരിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതിയാണ്. അവിടത്തെ ഗവൺമെന്റ് ഓഫീസുകളൊക്കെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അതോടൊപ്പംതന്നെ കാര്യക്ഷമമാക്കുന്നതിനും ഒരു മിനി സിവിൽ സ്റ്റേഷൻ വേണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതിന് എത്ര രൂപ ചെലവുവരും എന്നത് പരിശോധിക്കുന്നതിന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റ് കിട്ടിയാൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും പണം ചെലവഴിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അത് ഗവൺമെന്റിൽനിന്ന് ചെലവഴിക്കാൻ സാധിക്കുമെങ്കിൽ അങ്ങനെ ചെലവഴി

ച്ചുകൊണ്ടോ അദ്ദേഹത്തിന്റെ ഓഫർ സ്വീകരിച്ചുകൊണ്ടോ ഇത് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.